# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 11, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--307]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 6521 മുതൽ 6641 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 6642 മുതൽ 6748 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 6749 മുതൽ 6809 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 6810 മുതൽ 6827 വരെ |

**അരുവിക്കര മണ്ഡലത്തിൽ റണ്ണിംഗ് കരാർ നടപ്പിലാക്കിയിട്ടുള്ള റോഡുകൾ**

6521 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റ പണികൾക്ക് അടിയന്തര പ്രാധാന്യം നൽകുന്നതിനായി ഫണ്ട് വകയിരുത്തൽ, ഭരണ, സാങ്കേതികാനുമതികൾ, ടെൻഡർ തുടങ്ങിയവയ്ക്കുള്ള കാലതാമസം ഒഴിവാക്കാനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) അരുവിക്കര നിയോജക മണ്ഡലത്തിൽ റണ്ണിംഗ് കരാർ നടപ്പിലാക്കിയിട്ടുള്ള റോഡുകളുടെ ദൈർഘ്യം എത്രയാണെന്ന് അറിയിക്കുമോ?

**റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം നൽകാൻ നടപടി**

6522 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാര്യാട്ട് കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക അനുവദിച്ച മാതൃകയിൽ മഞ്ചേരി റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എസ്.ടി.എസ്.ബി. അക്കൗണ്ടിലുള്ള തുക കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന്റെ

ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നൽകുവാൻ ശിപാർശ ചെയ്ത ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലേക്ക് അയച്ച ഫയലിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാര തുക ലഭിക്കാനുള്ളവർ, നൽകാനുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**<u>നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>**

6523 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ അപ്രോച്ച് റോഡിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പാലം നിർമ്മാണം പൂർത്തിയാകുമ്പോൾ അപ്രോച്ച് റോഡ് പൂർത്തിയാക്കാത്തത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം</u>**

6524 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കോഴിക്കോട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**<u>ചൂണ്ടൽ കുറ്റിപ്പുറം സംസ്ഥാന പാത</u>**

6525 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടൽ- കുറ്റിപ്പുറം സംസ്ഥാന പാതയിൽ മഴക്കാല പൂർവ്വ അറ്റകുറ്റ പ്രവൃത്തി അവസാനമായി നടത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(ബി) മഴയത്ത് റോഡിൽ രൂപപ്പെട്ട വലിയ കുഴികൾ കാരണം റോഡ് ഗതാഗത യോഗ്യമല്ലാതായി ജനങ്ങൾ ബുദ്ധിമുട്ടുന്നതും റോഡിൽ അപകടം പതിവായിരിക്കുന്നതുമായ ഗുരുതര സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ കുന്നംകുളം-ചൂണ്ടൽ-കുറ്റിപ്പുറം റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായെടുത്ത കുഴിയിൽ വീണുള്ള മരണം

6526 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി റോഡിലുണ്ടാകുന്ന കുഴികളിൽ വീണ് മരണം സംഭവിക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാത നിർമ്മാണത്തിന് വേണ്ടിയെടുത്ത കുഴിയിൽ വീണ് കുഞ്ഞിമംഗലം സ്വദേശി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ ഒഴിവാക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോ;

(ഡി) ദേശീയപാത നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിലെ അപകട സാധ്യത കണ്ടെത്തി മറ്റു റോഡുകളിലൂടെ ഗതാഗതം പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## തൃപ്പൂണിത്തുറ ബൈപ്പാസ് സ്ഥലം ഏറ്റെടുക്കൽ നടപടി

6527 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമ തീരുമാനത്തിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സംസ്ഥാന സർക്കാർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിക്കണമെന്ന കേന്ദ്ര നിർദേശം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുപ്പ് നടപടികളുടെ കാര്യത്തിലെ നിലപാട് വ്യക്തമാക്കാമോ;

(ഡി) മാർക്ക് ചെയ്ത ഭാഗത്തെ ഭൂമി ഏറ്റെടുത്തുകൊണ്ട് മറ്റേതെങ്കിലും ബദൽ പ്രോജക്ടിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വയനാട്-തലശ്ശേരി ബൈപാസ് റോഡ് നിർമ്മാണം

6528 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് റോഡ് -തലശ്ശേരി ബൈപാസ് റോഡ് (ഓത്തിയോട്ട് പാലം മുതൽ നരിക്കുട്ടുംചാൽ റേഷൻകട വരെയുള്ള) നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബൈപാസ് റോഡ് നിർമ്മാണത്തിന് ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ നിലവിൽ ഉള്ള തടസ്സങ്ങൾ എന്തെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ബൈപാസ് നിർമ്മാണത്തിന് ലാൻഡ് അക്വിസിഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>സംസ്ഥാനത്തെ റോഡുകളിൽ രൂപപ്പെട്ട കുഴികൾ</u>**

6529 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ രൂപപ്പെട്ട കുഴികൾ റോഡിനെ ഗതാഗത യോഗ്യമല്ലാതാക്കിയതിനാൽ അപകടങ്ങൾ ആവർത്തിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം റോഡുകളിലെ കുഴികളിൽ വീണ് പരിക്കേറ്റതും മരണം സംഭവിച്ചതുമായ എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇപ്രകാരം അപകടം സംഭവിച്ചവർക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ വ്യക്തമാക്കുമോ;

(ബി) കരാർ കാലാവധി തീരുന്നതിനു മുൻപ് റോഡുകൾ തകരാറിലായ സംഭവങ്ങളിൽ കരാറുകാർക്കെതിരെയും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകളിൽ ഏതൊക്കെ കരാറുകാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കരാറുകാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അപകടം സംഭവിച്ചവർക്ക് കരാറുകാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ നിലവാരം ഉയർത്തൽ</u>**

6530 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപാസിനെയും പുളിമൂട്ടിൻപാലം-കണ്ടിയൂർ-ആറാട്ടുകടവ് റോഡിനെയും ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**<u>മലയോര ഹൈവേയുടെ നിർമ്മാണം</u>**

6531 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗത്തിന്റെ സുരക്ഷാ ഓഡിറ്റിങ് നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>സംസ്ഥാന പാതകളുടെ അറ്റകുറ്റ പണികൾ</u>**

6532 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതകളുടെ അറ്റകുറ്റ പണികൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര രൂപ ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്ന വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏല്പിച്ച നൽകിയ കരാറുകാർ ആരാണ്; പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ചത് ഏതു സംവിധാനത്തിലൂടെയാണ്; കരാർ വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

**<u>മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത</u>**

6533 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാഴപ്പിള്ളിയിൽ നിന്ന് ആരംഭിച്ച് നെല്ലാട്, വലമ്പൂർ, പട്ടിമറ്റം, കിഴക്കമ്പലം, പള്ളിക്കര വഴി കാക്കനാട് പോകുന്നതിനുള്ള നാലുവരിപ്പാത നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ജീവധാര ഹോസ്പിറ്റൽ റോഡ് നിർമ്മാണം</u>**

6534 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ജീവധാര ഹോസ്പിറ്റൽ റോഡ് (ചെ.0/000 മുതൽ 2/000 വരെ) കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിരുന്നോ; എങ്കിൽ എന്താണെന്നും ആയത് എന്നാണെന്നും അറിയിക്കുമോ; പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി

റദ്ദ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(എഫ്) എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് എന്നത്തേക്ക് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ടോൾ പിരിവുകൾ

6535 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ദേശീയപാതകളിലും സംസ്ഥാന പാതകളിലുമാണ് ടോൾ പിരിവുകൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ദേശീയപാതകളിൽ പിരിക്കുന്ന ടോൾ പിരിവിന്റെ വിഹിതം സംസ്ഥാനത്ത് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത 66-ൽ ടോൾ പിരിവ് ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ ആയതിന്റെ അർഹതപ്പെട്ട വിഹിതം സംസ്ഥാനത്തിന് ലഭിക്കുമോ; വിശദമാക്കാമോ?

## വരട്ടാർ പാലം-കല്ലിശ്ശേരി ഇരവിപേരൂർ റോഡ് നിർമ്മാണം

6536 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരട്ടാർ പാലം-കല്ലിശ്ശേരി ഇരവിപേരൂർ റോഡിൽ ജൽജീവൻ മിഷന്റെ പ്രവൃത്തികൾക്ക് ശേഷമുള്ള റെസ്റ്റോറേഷൻ പ്രവൃത്തികൾ നിർവഹിക്കുന്നതിൽ നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ അനുമതികൾ ലഭ്യമാക്കി റോഡിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മണിപ്പുഴ പെരിങ്ങര മൂവിടത്ത് പടി മേപ്രാൽ റോഡിന്റെ പ്രവൃത്തി

6537 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിപ്പുഴ പെരിങ്ങര മൂവിടത്ത് പടി മേപ്രാൽ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന പയ്യന്നൂർ നഗര വികസന പദ്ധതി

6538 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന പയ്യന്നൂർ നഗര വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പയ്യന്നൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം

നടപടികളാണ് ഇതുവരെ നടന്നതെന്ന് വ്യക്തമാക്കാമോ;

(സി) വികസനത്തിന് ആവശ്യമായി വരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

## സ്മാർട്ട് റോഡുകളുടെ നിർമ്മാണം

6539 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്മാർട്ട് റോഡുകളുടെ നിർമ്മാണത്തിന് യൂട്ടിലിറ്റി കേബിളുകൾ തടസ്സമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കിള്ളിപ്പാലം അട്ടക്കുളങ്ങര റോഡിൽ സ്മാർട്ട് റോഡ് നിർമ്മാണം ആരംഭിച്ചതിന് ശേഷം ഓടയുടെ ഡിസൈൻ മാറ്റേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ശരിയായ പ്ലാനിംഗ് ഇല്ലാതെ പദ്ധതികൾ ആരംഭിച്ചതുമൂലം ഉണ്ടായിട്ടുള്ള മേൽപ്പറഞ്ഞ വീഴ്ചകൾ സംബന്ധിച്ച് ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സംസ്ഥാന പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകൾ

6540 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ ആകെ എത്ര വിഭാഗങ്ങളിലായി എത്ര കിലോമീറ്റർ റോഡുകളാണ് 2016-ന് മുൻപ് ഉണ്ടായിരുന്നത്; ബി.എം.ബി.സി, ബി.എം.എ.സി. പോലെ ഉന്നതനിലവാരത്തിൽ നിർമ്മാണം നടത്തിയ റോഡുകൾ എത്ര കിലോമീറ്ററാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത റോഡുകളിൽ എത്ര കിലോമീറ്റർ പുതുതായി ബി.എം.ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള പട്ടികയും ചെലവഴിച്ച തുകയും ലഭ്യമാക്കാമോ;

(സി) മുൻപ് ബി.എം.ബി.സി. ചെയ്ത റോഡുകളുടെ ഉപരിതലം ബി.സി. ഓവർ ലേ ചെയ്യുന്നതിന് പ്രത്യേക പദ്ധതി ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര കിലോമീറ്റർ റോഡ് ബി.സി. ഓവർ ലേ ചെയ്തിട്ടുണ്ടെന്നും മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## പതിനാറുങ്ങൽ കക്കാട് ബൈപ്പാസ്

6541 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പതിനാറുങ്ങൽ കക്കാട് (വെന്നിയൂർ) ബൈപ്പാസ് റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പൂർത്തീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്നും പൂർത്തീകരണ കാലാവധി എത്രയാണെന്നും വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തേണ്ട റോഡുകൾ

6542 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അവശേഷിക്കുന്ന റോഡുകളുടേയും ഇനി നിർമ്മാണം നടത്താനുള്ള പാലങ്ങളുടേയും വിവരങ്ങൾ ലഭ്യമാക്കുമോ?

## പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൾഡ് ഹൈവേ പദ്ധതി

6543 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൾഡ് ഹൈവേ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രീൻഫീൾഡ് ഹൈവേയുടെ നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ തീരദേശ ഹൈവേ നിർമ്മാണം

6544 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മണാശ്ശേരി - കുളിമാട് റോഡ് നവീകരണം

6545 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മണാശ്ശേരി-കുളിമാട് റോഡിന്റെ കുളിമാട് വയൽ ഭാഗം നവീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കുന്നതിന് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കത്ത് പ്രകാരം ഉത്തരവിനായി റവന്യൂ വകുപ്പിലേയ്ക്ക് ഫയൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ കാരണം വിശദമാക്കാമോ;

(സി) ആവശ്യമായ മുഴുവൻ സ്ഥലവും മുൻകൂർ വിട്ടു നൽകാൻ ഭൂവുടമകൾ സമ്മതപത്രം നൽകിയ പശ്ചാത്തലത്തിൽ പ്രവൃത്തി ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## <u>പീരുമേട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ</u>

6546 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡിന്റെ അളവ് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നവീകരണത്തിനായി കഴിഞ്ഞ എട്ട് വർഷ കാലയളവിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എത്ര ശതമാനം റോഡുകളാണ് കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ബി.എം.& ബി.സി. നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; 2016-ന് മുൻപ് എത്ര ശതമാനം റോഡുകൾ ബി.എം. &ബി.സി. നിലവാരത്തിൽ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതും സഞ്ചാരയോഗ്യമല്ലാത്തതുമായ റോഡിന്റെ അളവും പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ഇ) വനം വകുപ്പ് കൈവശപ്പെടുത്തിയതും പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതുമായ പീരുമേട്-തോട്ടാപുര-നാൽപ്പത്തിനാലാം മൈൽ റോഡ്, പള്ളിക്കുന്ന്-ആഷ്‌ലി-മദാമ്മക്കുളം റോഡ് എന്നിവ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള കോമ്പൻസേഷൻ</u>

6547 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മലയോര ഹൈവേ പദ്ധതിയിൽ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള കോമ്പൻസേഷൻ അല്ലേ ഭൂവുടമകൾക്ക് നൽകേണ്ടതെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ ഏറ്റെടുത്തിട്ടുള്ള ഭൂമിയ്ക്ക് ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള കോമ്പൻസേഷൻ ആണോ ഭൂവുടമകൾക്ക് നൽകിയതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത ആക്ട് പ്രകാരമുള്ള കോമ്പൻസേഷൻ ഭൂഉടമകൾക്ക് നൽകാത്തതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കോമ്പൻസേഷൻ ഭൂവുടമകൾക്ക് നൽകുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ഡി) ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് 2013-ലെ സെക്ഷൻ 24 പ്രകാരം മലയോര ഹൈവേ പദ്ധതിയ്ക്കായി ഇതിനകം ഏറ്റെടുത്തിട്ടുള്ള / ഏറ്റെടുക്കുവാൻ

പോകുന്ന ഭൂമിയ്ക്ക് പ്രസ്തുത ആക്റ്റിലെ സെക്ഷൻ 27 & സെക്ഷൻ 31 പ്രകാരമുള്ള കോമ്പൻസേഷന് ഭൂവുടമകൾ അർഹരല്ലേ എന്ന് വ്യക്തമാക്കാമോ; വിശദമാക്കാമോ?

**<u>കോഴിക്കോട്-കക്കോടി-തണ്ണീർപന്തൽ റോഡ്</u>**

6548 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-കക്കോടി-തണ്ണീർപന്തൽ റോഡ് പൊട്ടിപൊളിഞ്ഞു ഗതാഗത യോഗ്യമല്ലാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്?

**<u>ഏനാമാവ് ഭാഗത്തെ റോഡ് വികസനം</u>**

6549 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ വളരെയേറെ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഏനാമാവ് ഭാഗത്തെ ഇടുങ്ങിയ റോഡ് വികസിപ്പിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**<u>കരാറുകാർക്ക് കുടിശിക തുക നൽകാൻ നടപടി</u>**

6550 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 കാലഘട്ടത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ 2023-2024 കാലഘട്ടത്തിൽ കുടിശികയായി നൽകാനുള്ള തുക പ്രത്യേകമായി വിശദമാക്കാമോ;

(സി) കരാറുകാർ സമർപ്പിച്ച ബില്ലുകളിൽ എന്നുവരെയുള്ള ബില്ലുകളാണ് ഇതിനകം പാസ്സാക്കിക്കൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

**<u>പൊതുമരാമത്ത് വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച റോഡുകൾ</u>**

6551 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും സംസ്ഥാനത്തെ ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## വണ്ടിപ്പെരിയാർ -മ്ലാമല- തേങ്ങാക്കൽ -ഏലപ്പാറ റോഡിൻറെ പുനർനിർമ്മാണം

6552 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ-മ്ലാമല-തേങ്ങാക്കൽ-ഏലപ്പാറ റോഡ് പുനർനിർമ്മിക്കുവാൻ ശബരിമല വികസനവുമായി ബന്ധപ്പെട്ട് അഞ്ചുകോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷവും സാങ്കേതിക അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മ്ലാമല മുതൽ ഏലപ്പാറ വരെയുള്ള റോഡ് പുനർനിർമിക്കുവാൻ എട്ടുകോടി രൂപ അനുവദിച്ചതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എൻജിനീയർ മുഖേന സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതിന് ഭരണാനുമതി ലഭിക്കുവാൻ നേരിടുന്ന കാലതാമസം ഒഴിവാക്കി ആയത് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## മലയോര ഹൈവേ നിർമ്മാണം

6553 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, പാലങ്ങളുടെ നിർമ്മാണം എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വാഴിച്ചൽ-കള്ളിക്കാട് റീച്ചിലെ റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ബന്ധപ്പെട്ട ഫയൽ നമ്പർ ഉൾപ്പടെ വിശദമാക്കാമോ?

## റോഡ് നിർമ്മാണം ആരംഭിക്കാൻ നടപടി

6554 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് (നിരത്ത്) വകുപ്പിൽ കറുകച്ചാൽ, കാഞ്ഞിരപ്പള്ളി സെക്ഷനുകളുടെ കീഴിൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള റോഡ് പ്രവൃത്തികളുടെ പട്ടിക തുക സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കാമോ; അവയിൽ ടെണ്ടർ ചെയ്തത് എത്രയെണ്ണമെന്ന് അറിയിക്കാമോ;

(സി) സാങ്കേതിക അനുമതി നല്കാത്തവയ്ക്ക് അടിയന്തരമായി സാങ്കേതിക അനുമതി നല്കി ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## തിരുവനന്തപുരം സ്മാർട്ട് റോഡ് നിർമ്മാണത്തിനുള്ള കരാർ

6555 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് റോഡ് നിർമ്മാണത്തിനുള്ള കരാർ ആദ്യം നൽകിയ സ്ഥാപനം കരാർ പ്രകാരമുള്ള പ്രവൃത്തികളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെ വീഴ്ചകളാണ് കണ്ടെത്തിയത്; കമ്പനിക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു; പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; വിശദാംശം വ്യക്തമാക്കുമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കരാർ പിന്നീട് മറ്റു കമ്പനികൾക്ക് മാറ്റിനൽകിയോ; ഏതൊക്കെ കമ്പനികൾക്ക് ഏതൊക്കെ പ്രവൃത്തികളാണ് നൽകിയത്; ഓരോന്നും പൂർത്തീകരിക്കേണ്ട സമയപരിധി വ്യക്തമാക്കുമോ; പ്രസ്തുത കരാറുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ-വടക്കുംഭാഗം റോഡ് നിർമ്മാണം

6556 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ലെ ബജറ്റിൽ പ്രഖ്യാപിച്ച കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ-വടക്കുംഭാഗം റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് പൂർണ്ണമായും തകർന്ന് സഞ്ചാരയോഗ്യമല്ലാതായിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതിക അനുമതി അടിയന്തരമായി ലഭ്യമാക്കി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിൻെറ നിർമ്മാണപുരോഗതി

6557 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗത്തിന്റെ നിർവഹണചുമതലയിൽ സി.ആർ.ഐ.എഫ്. ൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ള ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിൻെറ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിലുള്ള ന്യൂനതകൾ പരിഹരിക്കണമെന്നും ജനകീയ ആവശ്യങ്ങളുടെ മുൻഗണനാക്രമം പരിഗണിക്കാതെ പ്രവൃത്തി നടത്തുന്നത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് മണ്ഡലം എം.എൽ.എ. 25.09.2023-ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പോളച്ചിറ ഏലായിലെ തൊള്ളായിരം ഏക്കർ കൃഷിഭൂമിയിൽനിന്നും കായലിലേക്ക് വെള്ളം പമ്പ് ചെയ്ത് ഒഴുക്കി കളയുന്നതിനായി പ്രസ്തുത റോഡിന്റെ പോളച്ചിറ ഏലാ

ഭാഗത്തിന് കുറുകെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ പാരിപ്പള്ളി ജംഗ്ഷനും സർക്കാർ മെഡിക്കൽ കോളേജിനും ഇടയിലുള്ള ഭാഗത്തെ വലിയ വെള്ളക്കെട്ട് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

## ചൂണ്ടൽ-കുറ്റിപ്പുറം സംസ്ഥാന പാതയിലെ അപകടം

6558 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടൽ-കുറ്റിപ്പുറം സംസ്ഥാന പാതയിൽ രൂപപ്പെട്ട വലിയ കുഴികൾ മൂലം റോഡ് ഗതാഗതയോഗ്യമല്ലാതായിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം റോഡിൽ അപകടമുണ്ടായി ജനങ്ങൾ മരിക്കുന്ന സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## ഏഴംകുളം-കൈപ്പട്ടൂർ റോഡിൽ ഓട കയ്യേറ്റം

6559 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴംകുളം-കൈപ്പട്ടൂർ റോഡിൽ ഓട കയ്യേറിയതായി ആരോപണം ഉയർന്നതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി, ഡെപ്യൂട്ടി സ്പീക്കറുടെ അധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ യോഗത്തിലെ തീരുമാനത്തിന് വിരുദ്ധമായി പോലീസ് സന്നാഹത്തോടെ ഓട നിർമ്മാണം പൂർത്തീകരിക്കുകയും പ്രതിഷേധിച്ചവരെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത ഓടയിലെ കയ്യേറ്റം ഒഴിപ്പിച്ച് മുൻ നിശ്ചയിച്ച അലൈൻമെന്റ് പ്രകാരം ഓട പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ ഉപയോഗിച്ചുകൊണ്ടുള്ള റോഡുകൾ

6560 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ, ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാമഗ്രികൾ ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡുകളാണ് നിർമ്മിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രധാനമായും ഏതൊക്കെ റോഡുകളാണ് ഇത്തരത്തിൽ പുനരുദ്ധാരണം നടത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ കാലാവധി എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ?

**<u>കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികൾ</u>**

6561 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>റണ്ണിംഗ് കോൺട്രാക്ട് പദ്ധതി</u>**

6562 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ചത്;

(സി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>ചാലിക്കര അവറാട്ട്മുക്ക് റോഡ് നവീകരണം</u>**

6563 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ചാലിക്കര- അവറാട്ട്മുക്ക് റോഡിലെ ബജറ്റ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നവീകരണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റോഡിലെ ഏതൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാത്തത്; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

**<u>അപകടങ്ങൾ ഒഴിവാക്കാൻ നടപടി</u>**

6564 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ മേല്പറഞ്ഞ കാലയളവിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും പ്രവൃത്തികൾ നടന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## <u>കുന്നംകുളം-ചൂണ്ടൽ-കുറ്റിപ്പുറം സംസ്ഥാന പാത ഗതാഗത യോഗ്യമാക്കാൻ നടപടി</u>

6565 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം-ചൂണ്ടൽ-കുറ്റിപ്പുറം സംസ്ഥാന പാതയുടെ അറ്റകുറ്റ പ്രവൃത്തി ഏത് സ്ഥാപനമാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) മഴയത്ത് റോഡിൽ രൂപപ്പെട്ട വലിയ കുഴികൾ കാരണം റോഡ് ഗതാഗത യോഗ്യമല്ലാതായ സാഹചര്യത്തിൽ അറ്റകുറ്റ പ്രവൃത്തി നടത്തിയ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>രാജപുരം-ബളാൽ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി</u>

6566 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ മുൻപ് പൊതുമരാമത്ത് വകുപ്പിന്റേതായിരുന്ന രാജപുരം-ബളാൽ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ പഞ്ചായത്ത് അനുകൂല നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി</u>

6567 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനികയന്ത്രങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകൾ തകരുന്നതിന്റെ പ്രധാന കാരണം ആവശ്യത്തിന് ഓടകളോ ജലനിർഗമനമാർഗങ്ങളോ ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡുനിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## റണ്ണിംഗ് കോൺട്രാക്ട് പദ്ധതി

6568 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാറശാല മണ്ഡലത്തിൽ അനുവദിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ അറിയിക്കാമോ?

## വേങ്ങോളി പാലം - വില്യാപ്പള്ളി റോഡ്

6569 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങോളി പാലം മുതൽ വില്യാപ്പള്ളി വരെയുള്ള ഭാഗത്ത് റോഡ് മെയിന്റനൻസ് നടത്താതെ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേങ്ങോളി പാലം മുതൽ കുറ്റ്യാടി, നാദാപുരം ഭാഗങ്ങളിലേക്കുള്ള റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയപ്പോൾ വടകര ഭാഗത്തേക്ക് മാത്രം അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വേങ്ങോളി പാലത്ത് നിന്നും കാർത്തികപ്പള്ളി വഴി വില്യാപ്പള്ളിയിലേക്ക് പോകുന്ന റോഡ് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## മലപ്പുറം-പരപ്പനങ്ങാടി റോഡ് വികസന പ്രവൃത്തിയുടെ പുരോഗതി

6570 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പരപ്പനങ്ങാടി റോഡിന്റെ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെയുള്ള ഭാഗം വീതികൂട്ടുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുവാൻ പ്രദേശവാസികൾ തയ്യാറായിട്ടും സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സ്ഥലമെടുപ്പ് നടപടികൾക്കായി എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റോഡ് വീതികൂട്ടി നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ ഓഫീസിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ക്ലിഫ് ഹൗസിൽ പൊതുമരാമത്തു വകുപ്പ് നടത്തിയ പ്രവൃത്തി**

6571 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ക്ലിഫ് ഹൗസിൽ പൊതുമരാമത്തു വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക; ചെലവഴിച്ച തുക; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സഹിതം വ്യക്തമാക്കുമോ?

**പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട നിർമ്മാണം**

6572 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പല പ്രവൃത്തികളുടെയും ഡിസൈൻ ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനാൽ ആയത് വേഗത്തിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) ഏലപ്പാറ ഗവ. ഐ.ടി.ഐ. യ്ക്ക് പുതിയ കെട്ടിടം പണിയുവാൻ ഭരണാനുമതി ലഭിച്ചത് എന്നാണ്; ആയതിന്റെ ഡിസൈൻ ലഭിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**റസ്റ്റ് ഹൗസുകളിൽ പുതിയ കെട്ടിട നിർമ്മാണം**

6573 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിൽ പുതിയ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ചാവക്കാട് റസ്റ്റ് ഹൗസിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

6574 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മാവേലിക്കര മണ്ഡലത്തിൽ 2019-20 മുതൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കപ്പെട്ട തുകയും വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>പിലീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടം പണിയുന്നതിന് നടപടി</u>**

6575 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പിലീക്കോട് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ.ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ആവശ്യമായ തുക വകയിരുത്തി മൂന്ന് വർഷം കഴിഞ്ഞിട്ടും ഡി.പി.ആർ. സബ്മിറ്റ് ചെയ്യാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ബജറ്റിലും പ്ലാൻ ഫണ്ടിലും ഇതിനായി വകയിരുത്തിയ തുക ലാപ്സാകാതിരിക്കാൻ എന്തുനടപടിയാണ് പി.ഡബ്ല്യു.ഡി. അധികൃതർ സ്വീകരിച്ചതെന്ന് അറിയിക്കാമോ?

**<u>പിറവം മണ്ഡലത്തിലെ എക്സൈസ് കടവ് പാലം</u>**

6576 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകുന്നതുകാരണം പിറവം ടൗണിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**<u>പെരുമ്പ പുതിയ പാലം പദ്ധതി</u>**

6577 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ, കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പെരുമ്പ പുതിയ പാലം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റ് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**<u>കടലുണ്ടിക്കടവ് പാലത്തിന്റെ നവീകരണം</u>**

6578 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കടലുണ്ടി പുഴയ്ക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള കടലുണ്ടിക്കടവ് പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ച 10.47 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) 24.11.2022-ൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതിക്ക് 26.05.2023-ൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥലപരിശോധന നടത്തി ഒരു വർഷത്തിലേറെയായിട്ടും പാലത്തിന്റെ നവീകരണത്തിന് തുക അനുവദിക്കാത്തത് ഗൗരവമായി കാണുന്നുണ്ടോ; സി.റ്റി.ഇ.യുടെ പരിശോധന റിപ്പോർട്ടിന്റെ വിശദാംശം നൽകാമോ;

(സി) നിലവിൽ ധനകാര്യ വകുപ്പിൽ പരിശോധനയ്ക്കും അംഗീകാരത്തിനുമായി നൽകിയ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) നിലവിൽ അപകടാവസ്ഥയിലുള്ളതും ഗതാഗതം നിരോധിക്കാത്തതുമായ പ്രസ്തുത പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിന് സമയബന്ധിതമായി അനുമതി നൽകുമോ; വ്യക്തമാക്കാമോ?

## <u>ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

6579 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പുരോഗമിക്കുന്ന ചിറയിൻകീഴ് റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളത് എന്നാണെന്നും കിഫ്ബി ധനാനുമതി നൽകിയിരുന്നത് എന്നാണെന്നും വ്യക്തമാക്കുമോ; ഭരണാനുമതിയുടെയും ധനാനുമതിയുടെയും ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും നിർമ്മാണ കരാറിൽ ഏർപ്പെട്ടത് എന്നാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ തീയതി എന്നാണെന്നും പൂർത്തീകരണ തീയതി നീട്ടി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര തവണ നീട്ടി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; പൂർത്തീകരണ തീയതി നീട്ടി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

## <u>കാക്കാതോട് പാലം പുനർനിർമ്മാണം</u>

6580 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടപ്പടി റോഡിൽ ആര്യവൈദ്യശാലയ്ക്ക് സമീപമുള്ള കാക്കാതോട് പാലം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പാലം നിർമ്മാണപ്രവൃത്തികൾ

6581 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് എത്ര പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ എത്ര പാലങ്ങൾ നവീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## കടമക്കുടി- പിഴല പാലത്തിന്റെ നിർമ്മാണം

6582 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 13.08.2021 ന് 10.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി- പിഴല പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 14.02.2023 തീയതിയിലെ ധനകാര്യവകുപ്പിലെ 1069/2023 നമ്പർ ഉത്തരവ് പ്രകാരം എൽ.സി. പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവായിട്ടുള്ള പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പുതിയ പാലങ്ങളുടെ താഴെ പാർക്കുകൾ നിർമ്മിക്കുന്ന പദ്ധതി

6583 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിച്ച പാലങ്ങളുടെ താഴെ പാർക്കുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(ബി) കുളിമാട് പാലത്തിന് താഴെ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## കേച്ചേരി പുഴയ്ക്ക് കുറുകെയായി പാലം

6584 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം പാതയിൽ കേച്ചേരി പുഴയ്ക്ക് കുറുകെയായി നിർമ്മിച്ച പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത് എന്നാണ്;

(ബി) പ്രസ്തുത പാലത്തിന് അപ്രോച്ച് റോഡില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**നെട്ടൂർ മാർക്കറ്റ് പാലം നിർമ്മാണം**

6585 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

6586 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ നാല് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി കിഫ്ബി ധനസഹായത്തോടെ നടപടി സ്വീകരിച്ച എങ്കിലും നിർമ്മാണം ഇനിയും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണ പുരോഗതി**

6587 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച സാഹചര്യത്തിൽ പാലം നിർമ്മാണത്തിനായി ഇനി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദാംശവും പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള പ്രവർത്തന കലണ്ടറും തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

**പുന്നമട, കോടതിപ്പാലം, മുപ്പാലം ഇവയുടെ നിർമ്മാണ പുരോഗതി**

6588 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പുന്നമടപ്പാലം, കോടതിപ്പാലം, മുപ്പാലം ഇവയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

6589 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ബാലുശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ പുരോഗമിക്കുന്ന പ്രധാന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഓരോ പ്രവൃത്തിയും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## പാരിസ്ഥിതികാനുമതി വേണ്ടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ

6590 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി. വി. അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് 2024 മാർച്ച് 21 വരെയുള്ള കാലയളവിൽ നിർമ്മാണ ഉത്തരവ് നൽകിയ പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി വേണ്ടെന്ന ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് നടന്നുവരുന്ന ഏതെല്ലാം പദ്ധതികൾക്ക് ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## ചവറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

6591 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണവും വ്യക്തമാക്കുമോ;

(ബി) നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തീകരിക്കുവാൻ കാലതാമസം വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും കാലതാമസം നേരിടുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ

6592 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, റീബിൽഡ് കേരള, കെ.എസ്.റ്റി.പി. എന്നീ പദ്ധതികൾ വഴി പൊതുമരാമത്ത് വകുപ്പിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ഈ സർക്കാരിന്റെ കാലത്ത് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്?

## <u>പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി</u>

6593 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് ഇരുപത് ശതമാനം ടോക്കൺ അനുവദിച്ച പ്രവൃത്തികളുടെ എണ്ണം വിഭാഗവും ജില്ലയും തിരിച്ച് നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് നൂറ് രൂപ ടോക്കൺ അനുവദിച്ച പ്രവൃത്തികളുടെ എണ്ണം അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിലെ പ്രവൃത്തികളിൽ എത്ര എണ്ണത്തിന് മണ്ണ് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നൂറ് രൂപ (ടോക്കൺ) പദ്ധതി വിഹിതത്തോടെ അനുവദിച്ച എത്ര പ്രവൃത്തികൾക്ക് മണ്ണ് പരിശോധനക്കായി തുക അനുവദിച്ചുവെന്ന് അറിയിക്കാമോ; ഈ ഇനത്തിൽ ചെലവായ ആകെ തുക എത്രയെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതി വിഹിതത്തോടെ അനുവദിച്ച എത്ര പ്രവൃത്തികൾക്ക് മണ്ണ് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവെന്നും തുടർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണവും അറിയിക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി വിഹിതത്തോടെ അനുവദിച്ചതും തുടർ നടപടികൾ സ്വീകരിക്കാത്തതുമായ എത്ര പ്രവൃത്തികൾക്ക് മണ്ണ് പരിശോധന നടത്തിയെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികൾക്ക് മണ്ണ് പരിശോധന നടത്തുന്നതിനായി അതാത് എം.എൽ.എ. മാരുടെ പ്രയോറിറ്റി നൽകിക്കൊണ്ടുള്ള കത്ത് വാങ്ങിയിട്ടാണോ തുക അനുവദിക്കുന്നത്; ഇല്ലെങ്കിൽ ആരുടെ ആവശ്യപ്രകാരമാണ് മണ്ണ് പരിശോധനക്കായി തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികൾക്ക് യാതൊരു മാനദണ്ഡവും ഇല്ലാതെ ലക്ഷങ്ങൾ മുടക്കി മണ്ണ് പരിശോധന നടത്തുകയും തുടർ നടപടികൾ സ്വീകരിക്കാതെയും സർക്കാരിന് ലക്ഷക്കണക്കിന് തുക

നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട്</u>**

6594 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾക്കായി സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഏതെങ്കിലും നിർദ്ദേശം തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ നടപടി</u>**

6595 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ വലിയ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഇനത്തിൽ എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കൃത്യമായ സമയപരിധി ടെണ്ടറിൽ തന്നെ ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കരമന-വെള്ളറട റോഡ് നിർമ്മാണ പദ്ധതി</u>**

6596 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അഞ്ച് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കരമന-വെള്ളറട റോഡ് നിർമ്മാണ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

**<u>.തൃശ്ശൂർ ജില്ലയിലെ റോഡ് നിർമ്മാണം</u>**

6597 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര റോഡുകളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; റോഡിന്റെ പേര്,അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവ വ്യക്തമാക്കാമോ?

**<u>വടക്കാഞ്ചേരി ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി</u>**

6598 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റെയിൽവേ മേൽപ്പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലം റെയിൽവേ നിർണ്ണയിച്ച് ലഭ്യമാക്കിയോ എന്ന് വ്യക്തമാക്കാമോ?

## കിഫ്ബി മുഖേനയുള്ള പൊതുമരാമത്ത് പദ്ധതികൾ

6599 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് എത്ര പദ്ധതികൾ നടപ്പാക്കി; എത്രയെണ്ണം പൂർത്തീകരിച്ചു; എത്രയെണ്ണം പൂർത്തീകരിക്കാനുണ്ട്; എത്ര പദ്ധതികൾ ഉപേക്ഷിച്ചു; വിശദാംശം സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കുമോ?

## ദേശീയപാത പദ്ധതികളുടെ നിർമ്മാണ പുരോഗതി

6600 **ശ്രീ എം നൗഷാദ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ദേശീയപാത പദ്ധതികളുടെ നിർമ്മാണം നടന്നു വരുന്നുണ്ടെന്നും അവയുടെ നിർമ്മാണ പുരോഗതി എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ ദേശീയപാത പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത് തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലത്ത് എതെങ്കിലും ദേശീയപാതയുടെ സ്ഥലം ഏറ്റെടുക്കുന്നതിനായി നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക വീതമെന്ന് അറിയിക്കാമോ; ദേശീയപാത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

## ദേശീയപാത 966 കോഴിക്കോട് - പാലക്കാട് രാമനാട്ടുകര മുതൽ കുളത്തൂർ ജംങ്ഷൻ വരെ നാലുവരിപാത

6601 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 966 കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ രാമനാട്ടുകര മുതൽ കുളത്തൂർ എയർപോർട്ട് ജംഗ്ഷൻവരെ നാലുവരിപ്പാതയാക്കുന്നതിന് സമർപ്പിക്കപ്പെട്ട പ്രൊജക്ട് റിപ്പോർട്ട് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊജക്ടിന്റെ സ്ഥലമെടുപ്പും നിർമ്മാണ പ്രവൃത്തികളും എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**തിരുവനന്തപുരം - കൊട്ടാരക്കര - കോട്ടയം - അങ്കമാലി വഴി ഗ്രീൻ ഫീൽഡ് ഹൈവേ**

6602 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം - കൊട്ടാരക്കര - കോട്ടയം - അങ്കമാലി വഴി ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണോ; ആണെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രവുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ എഗ്രിമെന്റ് തീയതി സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം റോഡിൽ അലൈൻമെന്റ് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും പ്രോജക്ട് ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഓഫീസ് മേധാവിയുടെ തസ്തിക, ഓഫീസ് അഡ്രസ്, ഫോൺ നമ്പർ എന്നിവ സഹിതം വ്യക്തമാക്കാമോ?

**പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

6603 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികളിൽ റിക്വസിഷൻ അതോറിറ്റിയായ പൊതുമരാമത്ത് വകുപ്പ്, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന് സർവെ ജോലികൾ ആരംഭിക്കുകയും പിന്നീട് ഭൂമി ഏറ്റെടുക്കൽ നടപടിക്ക് വേണ്ടി സർവെ സബ് ഡിവിഷൻ സ്കെച്ചുകൾ തയ്യാറാക്കുന്നതിന് സർവെ ഡിപ്പാർട്ട്മെന്റ് മുഖേന സർവെ ചെയ്യുന്നതും മൂലം ഭൂമി ഏറ്റെടുക്കൽ നടപടികളിൽ രണ്ട് ഘട്ടങ്ങളിലായി സർവെ ജോലികൾ ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടി ഈ രണ്ടു ജോലികളും ഒരൊറ്റ സർവെ വിഭാഗത്തിനെക്കൊണ്ട് ചെയ്യിക്കുന്നതിനു നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ട് ഘട്ടങ്ങളിലായി രണ്ട് വിഭാഗം സർവെയർമാർ സർവെ ജോലികൾ ചെയ്യുന്നത് തുടർ നടപടികൾക്ക് കാലതാമസവും തടസ്സവും സൃഷ്ടിക്കുന്നതിനാൽ ഈ രണ്ടു സർവെകളും ഒരു വകുപ്പിനു നൽകി ഭൂമി ഏറ്റെടുക്കൽ സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗിലൂടെ ഉള്ള വരുമാനം**

6604 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗ് ആരംഭിച്ച 2021 നവംബർ ഒന്ന് മുതൽ ഇന്നേവരെ എത്ര കോടി രൂപയുടെ വരുമാനമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ജംഗ്ഷനുകൾ നവീകരിക്കാൻ പദ്ധതി</u>**

6605 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തടസരഹിതമായ ഗതാഗതം ഉറപ്പാക്കുന്നതിന് വേണ്ടി ശാസ്ത്രീയ സംവിധാനങ്ങൾ ഉറപ്പാക്കേണ്ട സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അപകടസാധ്യത കൂടിയ പ്രധാന ജംഗ്ഷനുകളിലെ ഗതാഗതം സുഗമവും അപകടരഹിതവുമാക്കുന്നതിന് മേൽപ്പാലങ്ങളും ബൈപാസുകളും നിർമ്മിക്കുന്നതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ട്രാഫിക് സംവിധാനങ്ങളും ഉറപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്തെ ഇരുപത്തി ഒന്ന് പ്രധാന ജംഗ്ഷനുകളിലെ ഗതാഗതവും ട്രാഫിക് സംവിധാനവും നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) അപകട സാധ്യത കൂടിയ ജംഗ്ഷനുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകമാനമുള്ള പ്രധാന റോഡുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ</u>**

6606 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പാലക്കാട് ജില്ലയിൽ നബാർഡ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

**<u>പുറമ്പോക്കുഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി</u>**

6607 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെയും ദേശീയപാതകളുടെയും പുറമ്പോക്കുഭൂമി കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം തുടർവികസനങ്ങൾ തടസ്സപ്പെടുന്നതും നിരവധി അപകടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയ്യേറ്റങ്ങൾ ഒഴിവാക്കി ഭൂമി തിരിച്ചുപിടിക്കുന്നതിനും അതിരുകൾ കൃത്യമായി കല്ലിട്ട് നിജപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഇപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി

6608 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികൾ നീട്ടി കൊണ്ടുപോവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ നിശ്ചിത കാലത്തേയ്ക്ക് ടെണ്ടർ നടപടിയിൽ പങ്കെടുപ്പിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കുട്ടനാട്ടിലെയും ആറന്മുളയിലെയും വള്ളംകളികൾ

6609 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മധ്യ തിരുവിതാംകൂറിലെ വിവിധ വള്ളംകളികളെ കോർത്തിണക്കി രാജ്യാന്തര തലത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലപ്പുഴയിലെ പ്രത്യേകിച്ച് കുട്ടനാട്ടിലെ വിവിധ വള്ളംകളികളെയും ആറന്മുള വള്ളംകളിയെയും കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം വകുപ്പിന്റെ കൂടുതൽ ഗ്രാന്റുകൾ ലഭ്യമാക്കിക്കൊണ്ട് പ്രസ്തുത വള്ളംകളികളെ ആകർഷകമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ഓൾസീസൺ ടൂറിസം ഹബ്ബ്

6610 **ഡോ. കെ. ടി. ജലീൽ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു ഓൾസീസൺ ടൂറിസം ഹബ്ബായി രൂപപ്പെടുത്തുന്നതിന് കേരളത്തിന്റെ ആകർഷകമായ കാലാവസ്ഥാ വൈവിധ്യം എങ്ങനെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവിധ കാലാവസ്ഥയിൽ വിവിധ ഭൂപ്രകൃതികളെ ഉപയോഗിക്കാൻ കഴിയാവുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ടൂറിസം മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

**ഇന്നോവേറ്റിവ് മാർക്കറ്റിംഗ് കാമ്പയ്ൻ**

6611 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകർക്കും സ്റ്റേക്ക് ഹോൾഡേഴ്സിനും ടൂറിസം മേഖലയിലെ മാറ്റങ്ങൾ പരിചയപ്പെടുത്തുന്നതിന് ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്റ്റേക്ക് ഹോൾഡർമാർ നേരിടുന്ന വെല്ലുവിളികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ജില്ലാ തലങ്ങളിലും സംസ്ഥാന തലങ്ങളിലും സെല്ലുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വേനൽക്കാല സമയത്ത് ഗൾഫ് രാജ്യങ്ങളിലെ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി ഇന്നോവേറ്റിവ് മാർക്കറ്റിംഗ് കാമ്പയ്ൻ നടന്നുവരുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാമ്പയ്ൻ വിവിധ യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വെളിപ്പെടുത്താമോ?

**ടൂറിസം ഗ്രാമസഭകൾ**

6612 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയെ ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര വികസനത്തിന് എല്ലാ മേഖലയിലുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി സഞ്ചാരികൾക്ക് കൂടുതൽ ഇഷ്ടപ്പെടുന്ന പുതിയ ഇടങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നഗര-ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും വിനോദസഞ്ചാര സാധ്യതകൾ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) അറിയപ്പെടാത്ത സ്ഥലങ്ങളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപ സാധ്യത ഒരുക്കുന്നതിന് ഈ സംരംഭം സഹായകമാകുമോ; വിശദമാക്കുമോ?

## വിനോദസഞ്ചാര മേഖലയിൽ ഇൻഡസ്ട്രി കണക്ട്

6613 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ പുത്തൻ പ്രവണതകളും ആകർഷണങ്ങളും സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി കണക്ട് എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ മാർക്കറ്റിംഗ് കാമ്പയിൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് സംഘടിപ്പിച്ച ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി നടപ്പാക്കുവാൻ ധാരണയായിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

## നമ്പികുളം ഇക്കോ ടൂറിസം പദ്ധതി

6614 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്പികുളം ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## അരുവിക്കച്ചാൽ ടൂറിസം പദ്ധതി

6615 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ അരുവിക്കച്ചാൽ ടൂറിസം കേന്ദ്രത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി അപകടരഹിതമാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള 43 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വർക്കല ബീച്ച് സൗന്ദര്യവത്കരണം

6616 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ വർക്കല ബീച്ച് സൗന്ദര്യവത്കരണത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിലേക്ക് അഡ്വാൻസ് ഫണ്ട് ആവശ്യപ്പെട്ട് ജില്ലാ നിർമ്മിതി കേന്ദ്രം ടൂറിസം വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് അനുവദിച്ച് നല്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

## ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി

6617 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി ടൂറിസം വകുപ്പ് അട്ടിമറിക്കുകയാണെന്ന സ്ഥലം എം.എൽ.എ. യുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; വർക് ഓർഡർ നൽകിയത് എന്നാണെന്നും എസ്.പി.വി. ആയി നിയോഗിച്ചത് ഏത് സ്ഥാപനത്തെ ആണെന്നും കരാർ നൽകിയത് ഏത് സ്ഥാപനത്തിനാണെന്നും വിശദമാക്കുമോ;

(സി) എസ്.പി.വി. യും കരാറുകാരനും ടൂറിസം വകുപ്പും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; കരാർ ഒപ്പിടുന്ന കാര്യത്തിൽ മുഖ്യമന്ത്രി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോയെന്നും അത് ടൂറിസം വകുപ്പ് പാലിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി ടൂറിസം വകുപ്പ് കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് കൺസൾട്ടൻസിയെ നിയോഗിച്ചത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; എത്ര രൂപയാണ് പ്രതിഫലം നൽകിയത്; വ്യക്തമാക്കുമോ;

(ഇ) 2022-ൽ തെരഞ്ഞെടുത്ത കരാർ കമ്പനി നാളിതുവരെ ബാങ്ക് ഗ്യാരണ്ടി അടക്കം എത്ര രൂപ ഈ പദ്ധതിക്ക് ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ; കരാറുകാരനുമായി മേല്പറഞ്ഞ രീതിയിൽ കരാർ ഒപ്പിടുന്നതിന് ടൂറിസം വകുപ്പിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ അരുവിപ്പുറം ടൂറിസം പദ്ധതി

6618 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാമനപുരം മണ്ഡലത്തിൽ കല്ലറ പഞ്ചായത്തിൽ അരുവിപ്പുറം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി സ.ഉ.(സാധാ)/94/2020/ടൂറിസം തീയതി 19.02.2020 പ്രകാരമുള്ള ഉത്തരവിൻ പ്രകാരം പദ്ധതി നടപ്പാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും നിർവഹണ ഏജൻസി, കരാർ ഏറ്റെടുത്ത ഏജൻസി എന്നിവരുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകും എന്ന് അറിയിക്കാമോ?

## കക്കാടംപൊയിൽ ടൂറിസം വില്ലേജ് പദ്ധതി

6619 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരത്തിന് അനന്തസാധ്യതകളുള്ള കക്കാടംപൊയിൽ പ്രദേശത്തെ ടൂറിസം വില്ലേജ് ആയി വികസിപ്പിക്കുന്നതിന് പദ്ധതികൾ രൂപകല്പന ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിശദമായ പഠനത്തിനും പദ്ധതി രൂപീകരണത്തിനുമായി ഏജൻസിയെ ചുമതലപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) കക്കാടംപൊയിൽ പ്രദേശത്തെ ബോട്ട് ഇൻ ലാൻഡ് ആയ ഭൂമി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## വാണിയമ്പലം ടൗൺ സ്ക്വയർ

6620 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പലത്ത് ടൂറിസം വകുപ്പ് പ്രവൃത്തി പൂർത്തീകരിച്ച വാണിയമ്പലം ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രസ്തുത ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പാത്രക്കടവ് കുരുത്തിച്ചാൽ ടൂറിസം പദ്ധതി

6621 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ടൂറിസം വകുപ്പ് മുഖേന മണ്ണാർക്കാട് താലൂക്കിലെ പാത്രക്കടവ് പ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കുരുത്തിച്ചാൽ വിനോദസഞ്ചാര പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുള്ള കാലതാമസത്തിന് സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ചമ്പക്കുളം മൂലം വള്ളംകളിക്ക് കൂടുതൽ ഗ്രാന്റ്

6622 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും പുരാതനമായ ചമ്പക്കുളം മൂലം വള്ളംകളിക്ക് സർക്കാർ കൂടുതൽ ഗ്രാന്റുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ചമ്പക്കുളം മൂലം വള്ളംകളിയുടെ ഭാഗമായുള്ള ടൂറിസത്തിന്റെ അനന്തസാധ്യതകൾ വിളിച്ചോതുന്ന പരസ്യപ്രചാരണം രാജ്യത്തും അന്തർദേശീയ തലത്തിലും നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ

6623 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 1 കോടി 50 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മുനക്കൽ ബീച്ചിന്റെ നവീകരണം

6624 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ മുനക്കൽ ബീച്ചിൽ റസ്റ്റ് ഹൗസ് പണിയുകയാണെങ്കിൽ ഇത് ടൂറിസത്തെയും മറ്റു സാധ്യതകളെയും വലിയ രീതിയിൽ സ്വാധീനിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) മുനക്കൽ ബീച്ചിൽ സ്പോർട്സ് ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) അഴീക്കോട് മുനക്കൽ ബീച്ചിൽ ഫ്ലോട്ടിങ് ബ്രിഡ്ജ് അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) സാംസ്കാരിക വകുപ്പുമായി ചേർന്ന് മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ബീച്ചിൽ ഈ വർഷം മുനക്കൽ ഫെസ്റ്റിവൽ നടത്തുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

## വാഴാനി മ്യൂസിക്കൽ ഫൗണ്ടൻ

6625 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വാഴാനി മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ

6626 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024ലെ ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമങ്ങൾ നാളിതുവരെ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) 2023 ലെ ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട എല്ലാ വള്ളങ്ങൾക്കും സാമ്പത്തിക സഹായങ്ങൾ കൊടുത്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) വള്ളംകളി മത്സരത്തിൽ എത്തുന്ന കായിക താരങ്ങളുടെ സുരക്ഷിതത്വത്തിനായി എത്ര തുകയാണ് ഇൻഷുറൻസ് ചെയ്തിട്ടുള്ളത്;

(ഡി) വള്ളംകളി കായിക താരങ്ങളിൽ ചിലർക്ക് നീന്തൽ അറിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിശോധിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) വള്ളംകളി താരങ്ങളെ ക്രിമനലുകൾ ആക്രമിച്ച് പരിക്കേൽപ്പിക്കുന്നത് സ്ഥിരമാകുന്ന സാഹചര്യത്തിൽ കായിക താരങ്ങൾക്ക് സംരക്ഷണം നൽകാൻ വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ആക്കുളം കായലിന്റെ സമഗ്ര വികസനത്തിനായുള്ള കരാർ

6627 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ സമഗ്രവികസനത്തിനായി ഏതു സ്ഥാപനത്തിനാണ് കരാർ നൽകിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്നാണ് എന്നും അപ്രകാരം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## ആക്കുളം കായലിന്റെ സമഗ്ര വികസന പദ്ധതി

6628 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ സമഗ്ര വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കാലതാമസമില്ലാതെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## ഉത്രാടം തിരുനാൾ ജലമേള

6629 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രപ്രസിദ്ധമായ ഉത്രാടം തിരുനാൾ പമ്പ ജലമേളയുടെ നടത്തിപ്പ് സുഗമമാക്കുന്നതിന് സർക്കാർതലത്തിൽ കൂടുതൽ ഗ്രാന്റുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മാമൻ മാപ്പിള ട്രോഫിക്കായുള്ള ഉത്രാടം തിരുനാൾ പമ്പ ജലമേള വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക തരത്തിൽ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ജലമേളയ്ക്ക് കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാസർഗോഡ് മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

6630 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് നടത്തിയ ആലോചനകളെക്കുറിച്ചും തീരുമാനങ്ങളെക്കുറിച്ചും വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നതും തുറമുഖ വകുപ്പുമായി ബന്ധപ്പെട്ടതുമായ ബൃഹത്തായ ടൂറിസം പദ്ധതി സംബന്ധിച്ച് ചേർന്ന യോഗത്തിൽ തുറമുഖ വകുപ്പ് മന്ത്രിയുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻമാരുടെയും സാന്നിദ്ധ്യത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസന്റേഷൻ നടത്തിയിരുന്നോ; എങ്കിൽ അത് സംബന്ധിച്ച തുടർനടപടികൾ വിശദമാക്കാമോ?

## മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി

6631 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകൾ

6632 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയിൽ നിന്ന് സംസ്ഥാന

ആഭ്യന്തര വരുമാനത്തിന്റെ 10% സമാഹരിക്കുന്നതിന് ലക്ഷ്യമിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രാമീണ തൊഴിൽ മേഖലയുടെ മുഖ്യ സ്രോതസ്സാക്കി വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## ഔദ്യോഗിക വാഹനം നൽകുന്ന നടപടി

6633 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക് ഔദ്യോഗിക വാഹനം നൽകുന്നത് ടൂറിസം വകുപ്പാണോ; ഇവരുടെ ഓഫീസിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്ക് വകുപ്പ് വാഹനം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രൈവറ്റ് സെക്രട്ടറിമാർക്ക് വകുപ്പ് വാഹനം നൽകിയിട്ടുണ്ടെന്നും പ്രൈവറ്റ് സെക്രട്ടറിയേക്കാൾ താഴ്ന്ന തസ്തികയിലുള്ളവർക്ക് പ്രസ്തുത ഓഫീസുകളിൽ വാഹനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## ഇൻവെസ്റ്റ്മെന്റ് സബ്സിഡി

6634 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്ക് അനുവദനീയമായ എന്തെല്ലാം ആനുകൂല്യങ്ങൾ നിലവിൽ ടൂറിസം സംരംഭങ്ങൾക്ക് നൽകി വരുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ടൂറിസം വ്യവസായ സംരംഭകർക്ക് നൽകുന്ന ഇൻവെസ്റ്റ്മെന്റ് സബ്സിഡിയുടെ വിശദാംശം വ്യക്തമാക്കുമോ; ഈ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ സംരംഭങ്ങൾക്കുമെന്നുമുള്ള വിശദാംശം നൽകുമോ?

## വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം

6635 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സാധ്യതകളും പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തി വിനോദസഞ്ചാര വികസനത്തിനായി ഒരു പുതിയ നയസമീപനം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

## നെഹ്റു ട്രോഫി വള്ളംകളി കൂടുതൽ ജനകീയമാക്കാൻ നടപടി

6636 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രപ്രസിദ്ധമായ നെഹ്റുട്രോഫി വള്ളംകളി കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വള്ളംകളിയുടെ പ്രാധാന്യം മനസ്സിലാക്കി ഇതിന് കൂടുതൽ സർക്കാർ ഗ്രാന്റ് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നെഹ്റു ട്രോഫി വള്ളംകളിയിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് ഗ്രാന്റ് തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിദേശികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ

6637 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിദേശികൾ ഉൾപ്പെടെയുള്ളവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വയനാട് തിരുനെല്ലിയിൽ വിദേശ വനിതയെ സ്വകാര്യ റിസോർട്ട് ജീവനക്കാരൻ പീഡിപ്പിച്ചതായി പരാതി ഉയർന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ ഇല്ലാതാക്കാൻ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ഇടപെടൽ വിശദമാക്കാമോ?

## സ്ത്രീ സൗഹൃദ ടൂറിസം

6638 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീമതി ദെലീമ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂർ കമ്പനികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി വനിതാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## വിനോദസഞ്ചാര മേഖലയിലെ ഗ്ലാസ് ബ്രിഡ്ജുകൾ

6639 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയിൽ എത്ര ഗ്ലാസ് ബ്രിഡ്ജുകൾ നിലവിലുണ്ട്; വിനോദസഞ്ചാര വകുപ്പിനുകീഴിൽ നിലവിലുള്ളത് എത്ര; സ്വകാര്യമേഖലയിൽ വിനോദസഞ്ചാരത്തിനായി ഉപയോഗിക്കുന്നവ എത്ര; എവിടെയെല്ലാമാണ് ഓരോന്നും നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിനോദസഞ്ചാര വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രവേശനത്തിന് ഈടാക്കിവരുന്ന ഫീസ് ഓരോയിടത്തും എത്രയാണ്; സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഗ്ലാസ് ബ്രിഡ്ജുകളിൽ ഓരോയിടത്തെയും പ്രവേശന നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഗ്ലാസ് ബ്രിഡ്ജുകളിൽ ഒരേസമയം പ്രവേശിക്കാവുന്ന വിനോദസഞ്ചാരികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പ്രദർശിപ്പിക്കുന്ന ബോർഡുകൾ ഇവയുടെ പ്രവേശന കവാടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഒരേസമയം നിയന്ത്രണമില്ലാതെ വിനോദസഞ്ചാരികളെ ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രവേശിപ്പിക്കുന്നതായും ഇതുമൂലം അപകടസാധ്യത നിലനിൽക്കുന്നതായുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മതിയായ സുരക്ഷിതത്വം ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രവേശിക്കുന്ന വിനോദസഞ്ചാരികൾക്ക് ഉറപ്പുവരുത്തുമോ; വിശദമാക്കാമോ?

## ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത

6640 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി

6641 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചു; വിശദാംശം സാമ്പത്തികവർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## ചരിത്രത്തെ തമസ്കരിക്കുന്നതിനെതിയുള്ള നിലപാട്

6642 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര സത്യങ്ങളെ തമസ്കരിക്കാനുള്ള കേന്ദ്രസർക്കാറിന്റെ നിലപാടുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം പഠിപ്പിക്കുന്നതിൽ നിന്നും സംസ്ഥാനത്തെ വിദ്യാലയങ്ങളെ ഒഴിവാക്കുന്നതിന് എന്തെങ്കിലും നീക്കങ്ങൾ നടക്കുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകീകരണം</u>**

6643 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകീകരണത്തിന്റെ ഭാഗമായി വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏകീകരണത്തിന്റെ ഭാഗമായി വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ അഡ്മിഷനിൽ മാറ്റമുണ്ടാകുമോ; വിശദമാക്കാമോ;

(സി) ഏകീകരണത്തിന്റെ ഭാഗമായി വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ വിവിധ തസ്തികകളിൽ പുനർ വിന്യാസം അടക്കം എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുമോ; വിശദമാക്കാമോ?

**<u>അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിൽ നിന്നും ഫലപ്രാപ്തിയുണ്ടാകാൻ നടപടി</u>**

6644 **ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ അടുത്തകാലത്തായി നേടിയെടുത്ത മികവുകൾ നിലനിർത്തുന്നതിനും പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ കർമ്മോന്മുഖമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി പൊതുവിദ്യാലയങ്ങളിലെ അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ 220 അധ്യയന ദിനങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടി അധ്യാപക സംഘടനകളുമായി ആശയവിനിമയം നടത്തി സമവായത്തിൽ എത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്ന വിഷയങ്ങൾക്ക് ഉപരിയായി പ്രാദേശിക പ്രാധാന്യമുള്ള തൊഴിലുകൾ, കലകൾ, കൃഷിരീതികൾ തുടങ്ങിയവ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് അധികമായി ലഭിക്കുന്ന അധ്യയന ദിനങ്ങൾ പ്രയോജനപ്പെടുത്തുമോ; വിശദീകരിക്കുമോ;

(ഡി) അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം കുട്ടികളുടെ മാനസികോല്ലാസത്തിനും സ്വതസിദ്ധമായ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദീകരിക്കുമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി</u>**

6645 **ശ്രീ. പി. വി. അൻവർ**
**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ ആദിവാസി വിഭാഗങ്ങൾക്കായി പ്രത്യേക സാക്ഷരതാ പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ വയനാട് ജില്ലയിലെ ആദിവാസി സമൂഹത്തിന്റെ താഴ്ന്ന സാക്ഷരതാ നിരക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അട്ടപ്പാടി ആദിവാസി സാക്ഷരത തുല്യതാ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ഈ മേഖലയിലെ പ്രേരക്മാരുടെയും ഇൻസ്ട്രക്ടർമാരുടെയും സേവന വേതന കാര്യത്തിൽ സർക്കാർ അനുകൂല തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി</u>

6646 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി, പ്രിസം പദ്ധതി എന്നിവ തകർക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എതിരെ എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം</u>

6647 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളിൽ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാത്ത എത്ര സ്കൂളുകളുണ്ട്; ഇവയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## <u>പ്ലസ് വൺ അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ</u>

6648 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച എത്ര കുട്ടികൾക്ക് നാളിതുവരെ പ്ലസ് വൺ അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചിട്ടും സ്വന്തം താലൂക്കിലെ സ്കൂളിൽ അഡ്മിഷൻ ലഭിക്കാത്ത എത്ര കുട്ടികളുണ്ട്; വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരം കുട്ടികളിൽ താല്പര്യമുള്ളവർക്ക് സ്വന്തം താലൂക്കിലെ സ്കൂളിലേക്ക് മാറുന്നതിന് അവസരം നൽകുമോ; വിശദാംശം നൽകാമോ?

## പൊതു വിദ്യാഭ്യാസ വകുപ്പിലെ ഏകീകരണം

6649 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസം ഏകീകരിച്ചതിന്റെ ഭാഗമായ ഓഫീസ് സംവിധാനങ്ങൾ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മേൽനടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

## എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികൾ

6650 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഓരോ ജില്ലയിലും എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികളുടെ ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## പി.ടി.എ. ഫണ്ട് പിരിവ് ഏകീകരിക്കാൻ നടപടി

6651 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെയുള്ള വിവിധ സ്കൂളുകളിൽ പല രീതിയിൽ പി.ടി.എ. ഫണ്ടിന്റെ നിർബന്ധിത പിരിവ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പിരിവ് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പി.ടി.എ. ഫണ്ടിന് നിലവിൽ ഓഡിറ്റിംഗ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഫണ്ടിന്റെ ഓഡിറ്റിംഗ് നടത്തി പ്രസ്തുത ഫണ്ടുപയോഗം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വിദ്യാർത്ഥികൾ നിശ്ചിത പ്രായത്തിൽ ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ നേടാൻ നടപടി

6652 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ നിശ്ചിത പ്രായത്തിൽ ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ നേടാൻ മുഴുവൻ വിദ്യാർത്ഥികളേയും പ്രാപ്തരാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പത്താം ക്ലാസ്സ് പാസാകുന്നതിന് എഴുത്ത് പരീക്ഷക്ക് മാത്രമായി മിനിമം മാർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

6653 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രവർത്തനങ്ങൾ വഴി അടച്ചുപൂട്ടൽ ഭീഷണിയിൽ ആയിരുന്ന എത്ര പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

**അൺ എയ്ഡഡ് പ്ലസ് വൺ ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ്**

6654 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ പ്ലസ് വൺ വിഭാഗത്തിൽ അൺ എയ്ഡഡ് ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് അനുവദിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നടപ്പ് അധ്യയന വർഷത്തിൽ അൺ എയ്ഡഡ് ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

**സ്കൂൾ യൂണിഫോം വിതരണം**

6655 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ;

(ബി) യൂണിഫോമിനുള്ള കൈത്തറി തുണികൾ ഓരോ ജില്ലയിലും എത്ര മീറ്ററാണ് വേണ്ടതെന്ന വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇവയിൽ 2024 ജൂൺ 15 വരെ ഓരോ ജില്ലയിലും എത്ര മീറ്റർ വീതം വിതരണം ചെയ്തുവെന്നും ബാക്കി എത്ര മീറ്റർ നൽകാനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ലഭിക്കുന്ന കൈത്തറി തുണികൾ തുല്യമായി ജില്ലകൾക്ക് വിതരണം ചെയ്യുന്നതിന് പകരം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം പോലെ കൂടുതൽ വിദ്യാർത്ഥികൾ ഉള്ള ജില്ലകളിൽ യൂണിഫോം വിതരണം ചെയ്യാൻ ഇനിയും ബാക്കിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജില്ലയിൽ വിതരണം ചെയ്യാനുള്ള ബാക്കി യൂണിഫോമുകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## സൗജന്യ യൂണിഫോം വിതരണം

6656 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എൽ.പി., യു.പി. സ്കൂളുകളിലേയും എയ്ഡഡ് യു.പി. സ്കൂളുകളിലേയും വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം വിതരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഹെൽപ്പിംഗ് ഹാൻഡ് പദ്ധതി

6657 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും ഇവർക്ക് പ്രത്യേകമായി പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ ഹെൽപ്പിംഗ് ഹാൻഡ് എന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടി അറിയിക്കാമോ?

## ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റി

6658 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റിയിൽ ഇപ്പോൾ എത്ര അധ്യാപക സംഘടനകളുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്യൂ.ഐ.പി. കമ്മിറ്റിയിലേക്ക് അധ്യാപക സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും ഏതെങ്കിലും അധ്യാപക സംഘടനകളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംഘടനകളെ ആണെന്നും എന്ത് കാരണം കൊണ്ടാണ് പ്രസ്തുത സംഘടനകളെ ഒഴിവാക്കിയതെന്നും അറിയിക്കുമോ;

(ഡി) ക്യൂ.ഐ.പി. കമ്മിറ്റി തുടങ്ങിയത് മുതൽ അംഗമായിരുന്ന സംഘടനകളിൽ ഏതെല്ലാം സംഘടനകളെ ക്യൂ.ഐ.പി. കമ്മിറ്റിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; കെ.എ.ടി.എഫ് എന്ന സംഘടനയെ പ്രസ്തുത കമ്മിറ്റിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഇ) ക്യൂ.ഐ.പി.യിൽ തുടക്കം മുതൽ ഉള്ള സംഘടനയായ കെ.എ.ടി.എഫ് എന്ന സംഘടനയെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

## യൂണിഫോം അലവൻസ് ലഭിക്കുന്ന സ്കൂൾ വിദ്യാർത്ഥിനികൾ

6659 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്കാണ് യൂണിഫോം അലവൻസ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കരയിൽ ജില്ലാ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി

6660 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരത്തിൽ ശോചനീയമായ അവസ്ഥയിലുള്ള വിവിധ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസ്, സബ് ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ബി.ആർ.സി. അടക്കമുള്ള അനുബന്ധ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ഓഫീസുകളും ചേർത്ത് ജില്ലാ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുണ്ടറ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ

6661 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ സ്കൂളുകളിൽ 2021 അധ്യയന വർഷം മുതൽ നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക

6662 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2022-23, 2023-24 വർഷങ്ങളിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## ഫുൾടൈം മീനിയൽ നിയമന അംഗീകാരം

6663 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കങ്ങഴ മുസ്ലീം ഹയർസെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ലീവ് വേക്കൻസിയിൽ ഫുൾടൈം മീനിയൽ ആയി നിയമിക്കപ്പെട്ട അബ്ദുൽ ബാസിത്ത് എന്നയാളുടെ നിയമനം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇക്കാര്യത്തിലുള്ള തടസ്സം എന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധമായി ഡി.ഇ.ഒ. കാഞ്ഞിരപ്പള്ളി, ഡി.ഡി. കോട്ടയം, ഡി.ജി.ഇ. (235474/22) എന്നിവിടങ്ങളിൽ ഉള്ള ഫയലുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിയമനത്തിന് തടസ്സം ഉണ്ടെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ (ഡെയിലി വേജസ്) വേതനം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മറ്റ് തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ ടിയാന്റെ നിയമനം അംഗീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അല്ലാത്തപക്ഷം ദിവസ വേതനം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(ഇ) നിയമനം അംഗീകരിച്ചാൽ പ്രസ്തുത വ്യക്തിക്ക് തുടർന്ന് വരുന്ന ഏതെല്ലാം തസ്തികകളിൽ ക്ലെയിം ഉണ്ടാവും എന്ന കാര്യം കൂടി വ്യക്തമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂമുകൾ

6664 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി സ്കൂൾ മുതൽ ഹയർ സെക്കണ്ടറി സ്കൂൾ തലം വരെ നിലവിലുള്ള സ്മാർട്ട് ക്ലാസ് റൂമുകളുടെ എണ്ണം സ്കൂൾ തിരിച്ച് അറിയിക്കാമോ;

(ബി) ഇതിൽ സർക്കാർ ഫണ്ടുപയോഗിച്ച് ചെയ്ത ക്ലാസ് റൂമുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ സ്കൂളുകൾക്ക് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ

6665 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നോൺ-റിക്കറിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ഫണ്ട് നൽകിയിട്ടുണ്ടെന്ന് സ്കൂളുകളുടെ പേര് സഹിതം വിശദവിവരം അറിയിക്കുമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ എത്ര സ്കൂളുകളിൽ നിലവാരമുള്ള പാചകപ്പുര-കം-സ്റ്റോറുകളുടെ അഭാവം ഉണ്ടെന്ന് സ്കൂൾ തിരിച്ച് വിശദമാക്കാമോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നോൺ-റിക്കറിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തി പാചകപ്പുര-കം-സ്റ്റോറുകൾ അനുവദിക്കുന്നതിന്റെ മുൻഗണനാ മാനദണ്ഡം വിശദമാക്കാമോ?

## പാഠ്യപദ്ധതി പരിഷ്കരണം

6666 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി പാഠ്യ പദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാത്ത പ്രഥമാദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ

6667 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാത്ത 50 വയസ്സ് കഴിഞ്ഞ എയ്ഡഡ് എൽ.പി./ യു.പി. പ്രഥമാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ(ജെ) വകുപ്പിന്റെ 27.11.2022-ലെ ജെ1/01/21 സർക്കുലർ പ്രകാരം പ്രഥമാദ്ധ്യാപക തസ്തികയിൽ അംഗീകാരം നൽകുന്നുണ്ടെങ്കിലും പ്രസ്തുത അംഗീകാരം ലഭിച്ച പ്രഥമാദ്ധ്യാപകർക്ക് ആയതിന്റെ സാമ്പത്തിക ആനുകൂല്യവും ശമ്പളസ്കെയിലും അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ എത്ര എയ്ഡഡ് സ്കൂൾ എൽ.പി./യു.പി. പ്രഥമാദ്ധ്യാപകർ ഈ ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ(ജെ) വകുപ്പിന്റെ 27.12.2022-ലെ ജെ1/01/21 സർക്കുലർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും ശമ്പളസ്കെയിലും നിഷേധിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരിൽ സാമ്പത്തിക ആനുകൂല്യങ്ങളും ശമ്പളസ്കെയിലും നാളിതുവരെ ലഭ്യമാകാത്തവർക്കായി വ്യക്തതയുള്ള ഉത്തരവ് നൽകുമോ; വിശദാംശം അറിയിക്കുമോ?

## മലപ്പുറം മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകൾ

6668 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ മുഖേന കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വളരെ കാലതാമസം നേരിടുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഒഴുകൂർ ഗവ. യു.പി.സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ കവറേജ് നിയമം മൂലം നാളിതുവരെയും ആരംഭിക്കാത്ത

സാഹചര്യത്തിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നിർദേശം നൽകുമോ?

**പ്രൈമറി ഹെഡ്മാസ്റ്റർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിക്കാൻ നടപടി**

6669 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നല്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലകളിലുള്ള ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും നാളിതുവരെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത ജില്ലകൾ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) പുതിയ ഉത്തരവ് പ്രകാരം പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും നൽകാൻ ഏതെല്ലാം ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് സ്പഷ്ടീകരണം ചോദിച്ചു എന്നറിയിക്കുമോ;

(സി) ഇത്തരത്തിൽ സ്പഷ്ടീകരണം ചോദിച്ചവർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ടോയെന്നും പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ഉപദേശം തേടിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ഡെപ്യൂട്ടി ഡയറക്ടർമാർ രണ്ട് രീതിയിൽ വ്യാഖ്യാനിച്ച് കുറച്ചു ജില്ലകളിലെ അദ്ധ്യാപകർക്ക് അനുകൂല്യങ്ങൾ നൽകിയിട്ടുള്ളതും ശേഷിക്കുന്ന ജില്ലകളിലുള്ളവർക്ക് അനുകൂല്യങ്ങൾ നിരസിച്ചിട്ടുള്ളതും പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ള പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഓരോ ജില്ലയിലും ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ചിട്ടില്ലാത്ത പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എണ്ണം അറിയിക്കുമോ;

(എഫ്) മുഴുവൻ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നിയമാനുസൃതം അർഹതപ്പെട്ട ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**മലപ്പുറം ജില്ലയിൽ യു.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ**

6670 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ യു.പി.എസ്.റ്റി. റാങ്ക് ലിസ്റ്റ് എന്ന് മുതലാണ് നിലവിൽ വന്നതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) യു.പി.എസ്.റ്റി. തസ്തികയിൽ പുതുതായി റിപ്പോർട്ട് ചെയ്ത ഒഴിവുകൾ, എൻ.ജെ.ഡി. ഒഴിവുകൾ, പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ പ്രതീക്ഷിക്കാവുന്ന ഒഴിവുകൾ എന്നിവ എത്രയാണെന്നും അറിയിക്കുമോ;

(സി) 2023-24, 2024-25 കാലയളവിലെ ജില്ലയിലെ യു.പി.എസ്.റ്റി. തസ്തിക നിർണ്ണയം പൂർത്തിയാകാത്തത്, ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ശതമാനത്തിൽ ഉണ്ടായ കുറവ്, സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് എന്നീ കാരണങ്ങൾ കൊണ്ട് വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

6671 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ എല്ലാ കുട്ടികളുടേയും അടിസ്ഥാന പഠനശേഷി ഉറപ്പുവരുത്തുന്നതിനായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ ഗണിത പഠനശേഷിയും ശാസ്ത്രബോധവും വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കാമോ?

## പത്തനംതിട്ടയിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) നിയമനം

6672 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്, പത്തനംതിട്ട ജില്ല) കാറ്റഗറി നമ്പർ 292/2010 എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ സിംലാബീഗം എന്ന ഉദ്യോഗാർത്ഥിക്ക് നിയമനം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ടിയാൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ ജി.ഇ.ഡി.എൻ.-എസ്.സി.2/243/2023/ജി.ഇ.ഡി.എൻ. തീയതി 13.12.2023 പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ടിയാൾ കോടതിയിൽ നിന്ന് അനുകൂലമായ വിധി നേടിയിട്ടും ജോലി നൽകാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

## കക്കയം ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

6673 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം ജി.എൽ.പി. സ്കൂളിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് നിർമ്മിച്ച പുതിയ കെട്ടിടം അശാസ്ത്രീയവും, കുട്ടികൾക്ക് ഉപയോഗപ്രദമല്ലായെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിച്ചിട്ട് എത്ര വർഷമായി എന്നും പ്രസ്തുത സ്കൂളിനായി ഭൂമി വാങ്ങിയതും, കെട്ടിടം നിർമ്മിച്ചിട്ടുള്ളതും ഏത് ഫണ്ട് വിനിയോഗിച്ചാണെന്നും വിശദമാക്കാമോ;

(സി) കക്കയം ജി.എൽ.പി. സ്കൂളിന് ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടും, സ്കൂളിന് അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ടും വിജിലൻസ് കേസ് നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) തികച്ചും അശാസ്ത്രീയമായി പ്രസ്തുത കെട്ടിട നിർമ്മാണം നടത്തിയവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാവുമോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ഹയർ സെക്കണ്ടറി വകുപ്പിലെ സ്റ്റാഫ് ഫിക്സേഷൻ

6674 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ 2022-23, 2023-24 എന്നീ അധ്യയന വർഷങ്ങളിൽ എത്ര അദ്ധ്യാപകർ ഗസ്റ്റ് ആയി ജോലി നോക്കിയിരുന്നു; പ്രസ്തുത വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിഷയാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിലേക്ക് പി.എസ്.സി. നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സ്കൂൾ വിദ്യാഭ്യാസ ഏകീകരണം

6675 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലം മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസ ഏകീകരണം എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം

6676 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാതിരിപ്പള്ളി ജി.വി.എച്ച്.എസ്.സ്കൂളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലം

വിട്ടുനൽകുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിനായി നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപകർ.

6677 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് അധ്യാപകരാണ് നിലവിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ വിദ്യാർത്ഥി - അധ്യാപക അനുപാതം അനുസരിച്ച് മുഴുവൻ സർക്കാർ ഹൈസ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കാൻ എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇംഗ്ലീഷ് അധ്യാപക നിയമനകാര്യത്തിൽ കോടതി നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിനായി ഇംഗ്ലീഷ് അധ്യാപക നിയമന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഹയർസെക്കണ്ടറി അധ്യാപക നിയമനം

6678 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറിയിലെ വിവിധ അധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത ലിസ്റ്റുകളിൽ നിന്നും ഇതുവരെ നിയമനം നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പ്ലസ് വൺ അഡ്മിഷനായി പുതിയ ബാച്ചുകൾ

6679 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ അഡ്മിഷനായി പുതിയ ബാച്ചുകൾ, അധിക സീറ്റുകൾ എന്നിവ ഈ അക്കാദമിക വർഷം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളിൽ എത്ര ബാച്ച്/സീറ്റ് വീതം ഏതൊക്കെ കോഴ്സുകളിൽ അനുവദിച്ചുവെന്ന വിശദാംശം വിദ്യാഭ്യാസ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന പൊതുവിദ്യാലയങ്ങൾ

6680 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുവിദ്യാലയങ്ങൾ നിലവിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്താണ് കാരണം; കെട്ടിടങ്ങളുടെ പരിമിതി കാരണം ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാർത്ഥികളുടെ കുറവ് കാരണം എത്ര സ്കൂളുകളിൽ എത്ര ഡിവിഷൻ കുറയ്ക്കേണ്ടി വന്നിട്ടുണ്ട്; വിദ്യാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവ് കാരണം എത്ര സ്കൂളുകളിൽ എത്ര ഡിവിഷൻ അധികമായി അനുവദിക്കേണ്ടി വന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>**പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്ക് ശാശ്വത പരിഹാരം**</u>

6681 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുവാൻ നടത്തിയ ഇടപെടൽ വിശദമാക്കുമോ?

<u>**ഹയർസെക്കണ്ടറി അധികബാച്ചിൽ ജോലി ചെയ്തവരുടെ വേതനം**</u>

6682 **ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ.(കയ്യെഴുത്ത്) നം.167/2011 പ്രകാരം ഹയർസെക്കണ്ടറി പഠനത്തിന് അധിക ബാച്ചുകൾ അനുവദിച്ചിരുന്നത് ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ബാച്ചുകളിലേക്ക് അധ്യാപകരായി നിയമിതരായ ഗസ്റ്റ് അധ്യാപകർക്കും കോടതി വിധി സമ്പാദിച്ച ചില സ്ഥിരം അധ്യാപകർക്കും ശമ്പളം വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സുപ്രീം കോടതിയിൽനിന്നും എസ്.എൽ.എ. (സി) 18128/2019 കേസിൽ ലഭിച്ച ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ അത്തരം അധികബാച്ചിൽ ജോലി ചെയ്ത എല്ലാവർക്കും നല്കുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടോ; എങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

<u>**ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനം**</u>

6683 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തിക ഒഴിഞ്ഞ് കിടപ്പുണ്ട്; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന്

ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ ലിസ്റ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) വർഷാവർഷം ഉണ്ടാകുന്ന ഒഴിവുകൾക്കനുസൃതമായി ഡി.പി.സി. യോഗം ചേർന്ന് ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നേരത്തെ തയ്യാറാക്കിയ ഡി.പി.സി. ലിസ്റ്റിൽ നിന്നും മുഴുവൻ അദ്ധ്യാപകർക്കും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; സി.ആർ. സമർപ്പിച്ച അദ്ധ്യാപകരിൽനിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കി നിയമനം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മഞ്ചേശ്വരം താലൂക്കിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം</u>**

6684 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ 2024 വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും സി.ബി.എസ്. ഇ . സിലബസിൽ പത്താം ക്ലാസ്സ് വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ ഹയർ സെക്കണ്ടറിയിൽ എത്ര ബാച്ചുകൾ/സീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത താലൂക്കിൽ മറ്റു താലൂക്കുകളെക്കാൾ പ്ലസ്ടു സയൻസ് പഠനത്തിന് സീറ്റുകൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി ജി.എച്ച്.എസ്.എസ്. ഉപ്പള, ജി.എച്ച്.എസ്.എസ്. മംഗൽപാടി, ജി.വി.എച്ച്.എസ്.എസ് മൊഗ്രാൽ, ജി.എച്ച്.എസ്.എസ്. അംഗഡി മൊഗർ എന്നീ സ്കൂളുകളിൽ ഈ വർഷം സയൻസ് ബാച്ച് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) മഞ്ചേശ്വരം താലൂക്കിൽ എസ്.എസ്.എൽ.സി. കഴിഞ്ഞ എല്ലാ കുട്ടികൾക്കും തുടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തുന്നതിനായി അധിക ബാച്ചുകൾ തുടങ്ങുന്നതിനും ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി</u>**

6685 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിലും സ്കൂൾ പരിസരങ്ങളിലും വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വില്പന നടത്തുന്നവരെ പിടികൂടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇവരെ

നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം**

6686 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പുതുതായി ഒന്നാം ക്ലാസ്സിൽ എത്ര കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പ്രവേശനം നേടിയ സ്കൂൾ ഏതാണ്; വിശദാംശം അറിയിക്കാമോ?

**മലബാർ മേഖലകളിലെ പ്ലസ് വൺ സീറ്റ് അപര്യാപ്തത സംബന്ധിച്ച പഠന റിപ്പോർട്ട്**

6687 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പ്ലസ് വൺ സീറ്റ് അപര്യാപ്തത സംബന്ധിച്ച് പഠന റിപ്പോർട്ട് നൽകാൻ സർക്കാർ നിയോഗിച്ച രണ്ടംഗ സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പുതിയ കോഴ്സുകളോ അധിക ബാച്ചുകളോ പുതിയ ഹയർസെക്കൻഡറി സ്കൂളുകളോ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റുകൾ കൂടി കഴിഞ്ഞപ്പോൾ 2024-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലബാർ മേഖലകളിൽ നിന്ന് ഉപരിപഠനത്തിന് അർഹത നേടിയിട്ടുള്ള എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു; ജില്ല തിരിച്ചുള്ള സീറ്റുകളും അപേക്ഷകരുടെ എണ്ണവും പ്രവേശനം നേടിയവരുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ഡി) 2024-ലെ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ ഉപരി പഠന യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും മാർക്ക് മാനദണ്ഡമനുസരിച്ച് ആവശ്യപ്പെടുന്ന വിഷയങ്ങളിൽ ആവശ്യപ്പെടുന്ന സ്കൂളുകളിൽ പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

**പ്ലസ് വൺ പ്രവേശനം**

6688 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനം നൽകുന്നതിന് നടപ്പ് അധ്യയന വർഷം സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആദ്യഘട്ടത്തിൽ പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷ പുതുക്കുന്നതിനും പുതിയ അപേക്ഷ നൽകുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹയർ സെക്കൻഡറി പ്രവേശനത്തിനായി അപേക്ഷിച്ച മുഴുവൻ പേർക്കും പ്രവേശനം ഉറപ്പാക്കുന്നതിനായി മലബാർ മേഖലയിൽ താൽകാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## തവിൽകൊട്ട് യുവജനോത്സവ ഇനമായി ഉൾപ്പെടുത്താൻ നടപടി

6689 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവിൽ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും അടുത്ത സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ തവിൽകൊട്ട് ഒരു ഇനമായി ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?

## നാദാപുരം ഗവ: യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

6690 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകിയ നാദാപുരം ഗവ: യു.പി.സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഹയർസെക്കണ്ടറി സ്കൂളുകൾക്ക് സയൻസ് ലാബ്

6691 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകൾക്ക് സയൻസ് ലാബ് സജ്ജീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുവാടി ഗവ. ഹയർസെക്കണ്ടറി സ്കൂളിന് സയൻസ് ലാബ് സജ്ജീകരിക്കുന്നതിന് പണം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ചൂണ്ടൽ സർക്കാർ യു.പി.എസ്-ന് സ്കൂൾ ബസ് വാങ്ങുന്ന പദ്ധതി

6692 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 വർഷം ചൂണ്ടൽ ഗവൺമെന്റ് യു.പി.എസ്.ന് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും നിർവ്വഹണ അധികാരി ആരാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തരമായി സ്കൂൾ ബസ് ലഭ്യമാക്കാൻ നടപടി എടുക്കുമോ; വിശദാംശം നൽകാമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ കെട്ടിടം പണി

6693 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ സർക്കാർ സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിനായി ഫണ്ട് അനുവദിച്ചത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഫണ്ട് അനുവദിച്ച സ്കൂൾ, അനുവദിച്ച തുക, അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(സി) 50 വർഷത്തിന് മേൽ പഴക്കമുള്ള കെട്ടിടങ്ങളിൽ എത്ര സ്കൂളുകൾ പ്രവർത്തിച്ച് വരുന്നു; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിന് ഫണ്ട് അനുവദിക്കുന്നത് പരിഗണിക്കുമോ?

## മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ

6694 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ കെട്ടിടനിർമ്മാണത്തിന് യാതൊരുവിധ ഫണ്ടും അനുവദിച്ചിട്ടില്ലാത്തതും എന്നാൽ കെട്ടിടങ്ങൾ ആവശ്യമുള്ളതുമായ സ്കൂളുകൾ ഏതെല്ലാമെന്ന് മുൻഗണനാക്രമത്തിലുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) മങ്കട മണ്ഡലത്തിൽ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമോ പരിമിതിയോ അനുഭവപ്പെടുന്ന സ്കൂളുകൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ; എന്തെല്ലാം സൗകര്യങ്ങളുടെ അഭാവവും പരിമിതിയുമാണ് പ്രസ്തുത സ്കൂളുകളിൽ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഈരാറ്റുപേട്ട ഗവ: എച്ച്.എസ്.എസ്. സ്കൂൾ കെട്ടിട നിർമ്മാണം

6695 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ഈരാറ്റുപേട്ട ഗവ: എച്ച്.എസ്.സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിന് കാലതാമസം വരാൻ ഇടയായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് ഇപ്പോൾ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## അൺ എയ്ഡഡ് ഹൈസ്കൂളുകളിൽ പ്ലസ് വൺ ആരംഭിക്കുന്നതിന് നടപടി

6696 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ജില്ലകളിൽ എത്ര ഹൈസ്കൂളുകളിലാണ് പ്ലസ് വൺ കോഴ്സ് നിലവിലില്ലാത്തതെന്ന് സർക്കാർ, എയ്ഡഡ്, സ്വാശ്രയം എന്നിങ്ങനെ വേർതിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലകളിൽ സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ അൺഎയ്ഡഡ് ഹൈസ്കൂളുകളിൽ പ്ലസ് വൺ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന സ്കൂൾ കെട്ടിട നിർമ്മാണം

6697 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കടമക്കുടി ഗവ:എച്ച്.എസ്.എസ്. ആന്റ് വി.എച്ച്.എസ്.എസ്. ന്റെയും എളങ്കുന്നപ്പുഴ ഗവ:എച്ച്.എസ് ന്റെയും കെട്ടിടനിർമ്മാണത്തിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കാലപ്പഴക്കം ചെന്ന കടമക്കുടി സ്കൂളിന്റെ കെട്ടിടം പൊളിച്ചിട്ട് അഞ്ച് വർഷത്തിലേറെ ആയിട്ടും പുതിയ കെട്ടിടം നിർമ്മിക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തുക അനുവദിച്ച പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കാനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കാനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ യു.പി. വിഭാഗത്തിൽ നിന്നുള്ള പ്രൊമോഷൻ

6698 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലുള്ള എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ യു.പി. വിഭാഗത്തിൽ നിന്നും ഹൈസ്കൂളിലേയ്ക്കുള്ള പ്രൊമോഷൻ അംഗീകരിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലുണ്ടെന്ന വിവരം ഡി.ഇ.ഒ. ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലകളിൽ എത്ര എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തിയിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ട്; എത്ര ഭിന്നശേഷിക്കാർക്ക് ഇനിയും നിയമനാംഗീകാരം നൽകാനുണ്ടെന്ന വിശദാംശം സ്കൂൾ, ഡി.ഇ.ഒ./എ.ഇ.ഒ. ഓഫീസ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; ഇവരുടെ നിയമനാംഗീകാരം എന്നത്തേക്ക് നൽകാനാകുമെന്ന് അറിയിക്കാമോ;

(സി) യു. പി. വിഭാഗത്തിൽ നിന്നും ഹൈസ്കൂളിലേക്കുള്ള പ്രൊമോഷൻ അംഗീകരിക്കപ്പെടുന്നത് വരെ പ്രസ്തുത അധ്യാപകരുടെ നിയമന അംഗീകാരം

നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇത്തരത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ജില്ലകളിൽ വിവിധ എയ്ഡഡ് സ്കൂളുകളിലായി നിയമന അംഗീകാരം ലഭിക്കാത്ത എത്ര അധ്യാപകരുണ്ടെന്ന് സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന സ്പെഷ്യൽ ടീച്ചർമാർ

6699 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എയ്ഡഡ് സ്കൂളുകളിൽ എത്ര മ്യൂസിക്, പി.ഇ.ടി തുടങ്ങിയ സ്പെഷ്യൽ ടീച്ചർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും എത്ര കുട്ടികൾ ഉണ്ടെങ്കിൽ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാമെന്നും വ്യക്തമാക്കാമോ;

(സി) ആവശ്യമായ കുട്ടികൾ ഉണ്ടായിട്ടും സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാത്ത എയ്ഡഡ് സ്കൂളുകൾ കാസർഗോഡ് ജില്ലയിൽ ഏതൊക്കെയാണെന്ന് എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

6700 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിലും വിദ്യാലയങ്ങളിലും വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്; ഒഴിവുള്ള തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ജില്ലയിലെ ഒഴിവുകൾ നികത്തുവാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## കാസർഗോഡ് ജില്ലയിൽ അധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിച്ചത് വഴിയുണ്ടായ ഒഴിവുകൾ

6701 **ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. അധ്യാപകർക്ക് ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം ലഭിച്ചത് വഴി 2024 മാർച്ച് 31 ന് ശേഷം എത്ര ഒഴിവുകളാണ് വന്നിട്ടുള്ളതെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. തിരിച്ച് വ്യക്തമാക്കാമോ;

(സി) 2024-25 അക്കാദമിക വർഷം കുട്ടികളുടെ കുറവുമൂലം എത്ര എൽ.പി.എസ്.ടി., യു.പി. എസ്.ടി., എച്ച്.എസ്.ടി. തസ്തികകളാണ് കുറവ് വന്നതെന്ന് വ്യക്തമാക്കാമോ?

## അദ്ധ്യാപക ജീവനക്കാരുടെയും മിനിസ്റ്റീരിയൽ സ്റ്റാഫ് അംഗങ്ങളുടെയും വർക്ക് ലോഡ്

6702 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യസ മേഖലയിൽ സേവനം ചെയ്തു വരുന്ന മിനിസ്റ്റീരിയൽ സ്റ്റാഫ് അംഗങ്ങളുടെ വർക്ക് ലോഡ് നിലവിൽ നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർക്ക് ലോഡ് എത്രയെന്ന് വിശദമാക്കാമോ?

## പ്രധാന അധ്യാപകനായി പ്രമോഷൻ ലഭിച്ചവർക്ക് മുൻ തസ്തികയിലേക്ക് മടങ്ങുന്നതിനുള്ള വ്യവസ്ഥ

6703 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്/എയ്ഡഡ് എൽ.പി, യു.പി സ്കൂളുകളിൽ പ്രധാന അധ്യാപകരായി പ്രൊമോഷൻ ലഭിച്ച അധ്യാപകർക്ക് ശാരീരികം ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ പ്രസ്തുത തസ്തികയിൽ തുടരുന്നതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ മുൻ തസ്തികയിലേക്ക് മടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഇത് സംബന്ധിച്ച് വിദ്യാഭ്യാസ ചട്ടങ്ങളിൽ എന്തെങ്കിലും നിർദേശം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള മുൻഗണനാ പട്ടിക

6704 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 22.11.2022 തീയതിയിലെ എ2/654050/2022 ഡി.ജി.ഇ. നമ്പർ സർക്കുലർ പ്രകാരം മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിന് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് സ്പഷ്ടീകരണം ആണ് ആവശ്യപ്പെട്ടിട്ടുള്ളത്; ആയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## സർക്കാർ സ്കൂളുകളിലെ പുതിയ തസ്തികകൾ

6705 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ ഓരോ ജില്ലയിലും എൽ.പി., യു.പി. വിഭാഗത്തിൽ എത്ര തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്;

(സി) 2023-24-ലെ തസ്തിക നിർണയപ്രകാരം പുതിയ തസ്തികകൾ അനുവദിക്കാത്തതിന്റെ കാരണം എന്താണ്;

(ഡി) 2023-24-ലെ തസ്തിക നിർണയപ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ആയിരത്തിൽ അധികം അധ്യാപക തസ്തികകൾ ഡിവിഷൻ ഫാൾ മൂലം നഷ്ടപ്പെട്ടിട്ടും പകരം കുട്ടികൾ കൂടിയ വിദ്യാലയങ്ങളിൽ പുതിയ തസ്തികകൾ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## <u>എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കാനുള്ള നടപടികൾ</u>

6706 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റോസ്റ്റർ തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലവിൽ ഇതിനകം തയ്യാറാക്കി കഴിഞ്ഞിട്ടുള്ള സ്കൂളുകളുടെ പട്ടിക നൽകുമോ;

(സി) തയ്യാറാക്കി കഴിഞ്ഞിട്ടുള്ള റോസ്റ്ററുകൾ പ്രകാരം അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി എത്ര തസ്തികകൾ വീതം കണ്ടെത്തിയിട്ടുണ്ടെന്ന വിവരം തസ്തിക തിരിച്ച്, വിദ്യാഭ്യാസ ഉപജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## <u>എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾ</u>

6707 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവോ നിർദേശമോ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകക്ഷാമം അനുഭവപ്പെടുന്നതുകൊണ്ട് മലബാറിലെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകൾ കൃത്യമായി

നടക്കുന്നില്ല എന്നത് വസ്തുതയാണോ; ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ മൂന്ന് അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇന്റർവ്യൂ ബോർഡിൽ സർക്കാർ പ്രതിനിധിയെ ലഭ്യമാക്കാത്തതിനാൽ നിലവിൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം നടക്കാത്ത വിദ്യാലയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

## ചലഞ്ച് ഫണ്ട് പദ്ധതി

6708 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്ന എയ്ഡഡ് വിദ്യാലയങ്ങൾക്കും കൂടി പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച ചലഞ്ച് ഫണ്ട് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിനും സർക്കാർ സ്കൂളുകളിലേതുപോലെ എയ്ഡഡ് വിദ്യാലയങ്ങൾക്കുകൂടി ഗുണകരമാക്കുന്നതിനായും നടപടി സ്വീകരിച്ചിട്ടുണ്ടോ?

## സ്കൂൾ പാചകതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

6709 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാചകതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പാചകതൊഴിലാളികൾക്ക് കുടിശ്ശികയായിട്ടുള്ള ദിവസവേതനവും സമാശ്വാസവേതനവും എത്രയെന്നും ആയത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) പാചകതൊഴിലാളികളുടെ ജോലിഭാരം കണക്കിലെടുത്ത് വിദ്യാർത്ഥി-തൊഴിലാളി അനുപാതത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) പാചകതൊഴിലാളികളുടെ നിയമനത്തിനും വിരമിക്കലിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; വിരമിക്കലിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ?

## അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾ

6710 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾക്ക് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രവേശിക്കുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ച

വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾക്ക് നിലവിൽ പ്രവൃത്തി സമയങ്ങളിൽ സെക്രട്ടേറിയറ്റിന്റെ അകത്ത് പ്രവേശിക്കുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾക്ക് പൊതുഭരണ വകുപ്പ് എന്തെങ്കിലും തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംഘടനാ ഭാരവാഹികൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഡി.ജി.ഇ.യിലെ ഉച്ചഭക്ഷണ വിഭാഗം, എസ്.എസ്.കെ സംസ്ഥാന ഓഫീസ് എന്നിവിടങ്ങളിലെ സാമ്പത്തിക ക്രമക്കേട്

6711 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണ വിഭാഗം, എസ്.എസ്.കെ സംസ്ഥാന ഓഫീസ് എന്നിവിടങ്ങളിൽ നടന്ന സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര രൂപയുടെ ക്രമക്കേടാണ് ഉണ്ടായിട്ടുള്ളതെന്നും എങ്ങനെയാണ് ക്രമക്കേട് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; ആരൊക്കെയാണ് കുറ്റക്കാരെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം (പി.എഫ്.എം.എസ്.) മുഖേന നടക്കുന്ന പണമിടപാടിൽ ഒരു സെക്ഷൻ ക്ലാർക്കിന് മാത്രമായി ക്രമക്കേട് നടത്താനാകുമോ; വിശദമാക്കുമോ;

(സി) കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ഡി.ജി.ഇ. യിലെ നൂൺ മീൽ വിഭാഗത്തിൽ നിന്നും എത്ര ജീവനക്കാർ വിവിധ പ്രോഗ്രാമുകൾക്കായി മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടുണ്ട് എന്നതിന്റെ വിശദാംശം പട്ടികയായി നൽകുമോ; ഇതിൽ എത്ര രൂപ ഇനിയും സെറ്റിൽ ചെയ്യാനുണ്ടെന്നും തുക സെറ്റിൽ ചെയ്യാനുള്ളവരുടെ പേര് വിവരവും ലഭ്യമാക്കുമോ; പ്രസ്തുത വിഷയങ്ങളിൽ ധനകാര്യ പരിശോധന വിഭാഗം, വിജിലൻസ് എന്നിവരെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ് പരീക്ഷകളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ

6712 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാന്റ് തുടങ്ങിയ വിവിധ പരീക്ഷകൾക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ;

(ബി) മറ്റ് സർക്കാർ ആഫീസുകളിൽ അപേക്ഷ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തി നൽകിയാൽ മതി എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ, പരീക്ഷാഭവൻ നടത്തുന്ന പരീക്ഷകളിലും ഈ വ്യവസ്ഥ ഏർപ്പെടുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

## കോട്ടയം ജില്ലയിലെ പ്രൈമറി സ്കൂൾ പ്രഥമ അധ്യാപക ഒഴിവിലേക്കുള്ള സ്ഥാനക്കയറ്റം

6713 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂൾ പ്രഥമ അധ്യാപക ഒഴിവിലേക്ക് 13.06.2024-ന് പ്രസിദ്ധീകരിച്ച (ഡി.ഡി.ഇ. കോട്ടയം/2762/2024-എ2) സ്ഥാനക്കയറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യു.പി.എസ്.എ (ഭാഷാ അധ്യാപകർ ഒഴികെ) അധ്യാപകരുടെ പേരും മാതൃസ്കൂളും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാനക്കയറ്റം നൽകുന്നതിലൂടെ ഉണ്ടാകുന്ന യു.പി.എസ്.എ. (ഭാഷാ അധ്യാപകർ ഒഴികെ) ഒഴിവുകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

## സ്കൂളുകളിലെ ലൈബ്രറി വിപുലീകരണം

6714 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനത്തിന് പുറമേ വായനശീലം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) നിലവിൽ ലൈബ്രറിയുള്ള സ്കൂളുകളിൽ ആയത് കൂടുതൽ വിപുലീകരിക്കുവാനും ലൈബ്രറിയില്ലാത്ത സ്കൂളുകളിൽ പുതിയവ ആരംഭിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

## സ്കൂൾ കുട്ടികളുടെ ഭക്ഷണത്തിനുള്ള ഗ്രാന്റ്

6715 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഭക്ഷണത്തിനുള്ള സർക്കാർ ഗ്രാന്റ് വർദ്ധന നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ ക്ലബ്ബുകൾ

6716 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ഏതെല്ലാം ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത ക്ലബ്ബുകൾക്കായി ചെലവഴിക്കുന്ന തുക വിദ്യാലയാടിസ്ഥാനത്തിൽ പട്ടികയായി ലഭ്യമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് സ്കൂൾ കെട്ടിടം

6717 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെട്ടിടനിർമ്മാണം നടത്തുന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; നിർമ്മാണം പൂർത്തിയായ സ്കൂളുകളുടെ വിശദാംശം നൽകാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകീകരണം

6718 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വകുപ്പ്, വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പ് എന്നിവയുടെ ഏകീകരണം നിലവിൽ വന്നത് എന്നാണ്;

(ബി) പ്രസ്തുത ഏകീകരണം സ്കൂളുകളിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാനാകുമെന്ന് അറിയിക്കാമോ;

(സി) ഏകീകരണത്തിലൂടെ എന്തെല്ലാം ഗുണങ്ങളാണ് വകുപ്പ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

## എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്

6719 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന തലത്തിൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയവർക്ക് എന്ന് വരെയുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സ്കോളർഷിപ്പ് മുഴുവൻ വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കുമോ; ഇതിനായി നടപ്പു സാമ്പത്തിക വർഷവും കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) സ്കോളർഷിപ്പ് റിസൾട്ട് വരുമ്പോൾ ചെയ്യേണ്ട വിവരശേഖരണം അനന്തമായി നീളുന്നതു കൊണ്ടാണ് പ്രസ്തുത സ്കോളർഷിപ്പ് വിതരണം മുടങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

## മാവേലിക്കരയിലെ ബുക്ക് ഡിപ്പോ കെട്ടിടം ഐ.എച്ച്.ആർ.ഡി.ക്ക് വിട്ടു നല്കുന്നതിനുള്ള നടപടികൾ

6720 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ & ബോയ്സ് ഹയർസെക്കൻഡറി സ്കൂളിന് സമീപമുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ ബുക്ക് ഡിപ്പോ കെട്ടിടം ഐ.എച്ച്.ആർ.ഡി.ക്ക് വിട്ട് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം ഐ.എച്ച്.ആർ.ഡി കോളേജ് പ്രവർത്തിക്കുവാൻ വിട്ട് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കോഴിക്കോട് ഡി.ഇ.ഒ. ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി

6721 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡി.ഇ.ഒ. ഓഫീസ് നടക്കാവിൽ പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് എപ്പോൾ മാറ്റുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) നിലവിലുള്ള ഡി.ഇ.ഒ. ഓഫീസ് കെട്ടിടം പൊളിച്ച് നീക്കുന്നതിന് നോട്ടീസ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വൈറ്റ് ബോർഡ് പദ്ധതി

6722 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വീഡിയോ ക്ലാസുകൾ ലഭ്യമാക്കുന്നതിനായി വൈറ്റ് ബോർഡ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭിന്നശേഷി കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ച് പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## സംരക്ഷിത അധ്യാപകർ

6723 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷത്തെ ഫിക്സേഷൻ അനുസരിച്ച് അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിരുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് ലഭ്യമായിട്ടുള്ള എൽ.പി.എസ്. ടി., യു.പി.എസ്.ടി. തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് പ്രത്യേകം ലഭ്യമാക്കുമോ;

(സി) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് ലഭ്യമായിട്ടുള്ള എച്ച്.എസ്.ടി. തസ്തികകളുടെ എണ്ണം, വിഷയം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് ലഭ്യമായിട്ടുള്ള എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളിൽ 2023-24 അധ്യയന വർഷത്തിൽ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഇ) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് ലഭ്യമായിട്ടുള്ള എച്ച്.എസ്.ടി. തസ്തികകളിൽ 2023-24 അധ്യയന വർഷത്തിൽ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകരുടെ എണ്ണം വിഷയം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് വേണ്ടി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടായിരുന്ന തസ്തികകളിൽ 2023-24 അധ്യയനവർഷത്തിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചതിനുശേഷം ഒഴിഞ്ഞു കിടന്ന തസ്തികകൾ ഏതെല്ലാം ആണെന്നും അവയുടെ എണ്ണം എത്രയായിരുന്നുവെന്നും വിശദമാക്കാമോ;

(ജി) ഏതു വർഷം വരെ നിയമനം നേടിയ അധ്യാപകർ 2023-24 അധ്യയന വർഷത്തിൽ സംരക്ഷിക്കപ്പെട്ടു എന്ന വിവരം ലഭ്യമാക്കാമോ?

## കൃത്യവിലോപം വരുത്തിയ അധ്യാപകർക്കെതിരെയുള്ള നടപടി

6724 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയിൽ വീഴ്ച വരുത്തിയതിനും കൃത്യവിലോപം കാണിച്ചതിനും ഈ സർക്കാരിന്റെ കാലയളവിൽ എത്ര അധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതൊക്കെ സ്കൂളുകളിലെ ഏതൊക്കെ അധ്യാപകരാണ് ഇപ്രകാരം നടപടി നേരിട്ടത്; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; ആരെയെങ്കിലും സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം കുറയുന്നതായി ആക്ഷേപം ഉയർന്ന് വന്നിട്ടുള്ള സാഹചര്യത്തിൽ, മേൽപ്പറഞ്ഞ രീതിയിൽ വീഴ്ച വരുത്തുന്ന അധ്യാപകർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുകൊണ്ട് ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത പുലർത്തുമോയെന്ന് വ്യക്തമാക്കുമോ?

## പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം

6725 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞ അധ്യയനവർഷം തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; കഴിഞ്ഞ രണ്ടുവർഷക്കാലമായി തസ്തിക നിർണ്ണയം നടക്കാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(ബി) ഓരോ അധ്യയനവർഷവും പഠിക്കുന്ന കുട്ടികളുടെ എണ്ണം അനുസരിച്ച് അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം കണക്കാക്കുന്നതിന് ഉണ്ടായിട്ടുള്ള പ്രധാന തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ കണക്ക് അധ്യാപക തസ്തികയിൽ 2023-24 വർഷത്തിലുണ്ടായ ഒഴിവുകളും 2024-25 വർഷത്തിലെ പ്രതീക്ഷിത ഒഴിവുകളും എത്രയെന്ന് വെളിപ്പെടുത്താമോ; ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ 2023 മുതൽ 2024 മെയ് 31 വരെ എത്ര ഹൈസ്കൂൾ കണക്ക് അധ്യാപകർ റിട്ടയർ ചെയ്തുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) ഹൈസ്കൂൾ കണക്ക് അധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലെ പി.എസ്.സി. സപ്ലിമെന്ററി റാങ്ക് ലിസ്റ്റിലെ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും നികത്തി എന്ന് വ്യക്തമാക്കാമോ; ഇനി എത്ര ഒഴിവുകൾകൂടി ഈ വർഷം റിപ്പോർട്ട് ചെയ്യാൻ കഴിയും എന്നറിയിക്കാമോ?

## സ്ഥിരം തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന അധ്യാപകർ

6726 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരം തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ എത്ര അധ്യാപകർ ജോലി ചെയ്തു വരുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവരിൽ വനിതകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാരുടെ നിയമനം നടക്കാത്ത വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമാണ് നിലവിൽ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ നിയമിക്കപ്പെടുന്ന അധ്യാപികമാർക്ക് ആനുകൂല്യത്തോടുകൂടിയ പ്രസവാവധി നൽകാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥിരം തസ്തികയിൽ നിയമിക്കപ്പെടുന്ന അധ്യാപികമാർക്ക് പ്രസവാവധി നൽകാത്തതിനാൽ അവരുടെ സർവീസിലുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ദിവസവേതാനാടിസ്ഥാനത്തിലുള്ള അധ്യാപകർ

6727 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ സ്ഥിരം ജീവനക്കാരുടെ തസ്തികയിൽ ജോലി ചെയ്യുന്നവർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സ്ഥിരം തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപികമാർക്ക് പ്രസവാവധി ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയ അധ്യാപികമാർക്ക് ആനുകൂല്യത്തോടു കൂടിയ പ്രസവാവധി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധമായി ഏതെങ്കിലും അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ നികത്താൻ നടപടി

6728 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തിയിട്ടുണ്ടോയെന്ന് സ്കൂളുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) നിയമനം നടത്താത്ത ഒഴിവുകളുടെ എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ?

## ഹയർ സെക്കണ്ടറി അധ്യാപകർ

6729 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലെ നിലവിലുള്ള അധ്യാപകരും പ്രിൻസിപ്പാൾമാരും അതത് സ്കൂളുകളിൽ എത്രകാലമായി തുടരുന്നുവെന്ന് അറിയിക്കാമോ;

(ബി) ചട്ടപ്രകാരം അധ്യാപകർക്ക് ഒരു സ്കൂളിൽ തന്നെ എത്രകാലം വരെ തുടരാനാകുമെന്ന് വ്യക്തമാക്കാമോ?

## കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ

6730 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ യു.പി.എസ്.എ. തസ്തികയിൽ (ഭാഷാ അധ്യാപക തസ്തിക ഒഴികെ) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ പ്രസ്തുത തസ്തികയിൽ നിന്നും 2025 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിക്കുന്ന (ഭാഷാ അധ്യാപക തസ്തിക ഒഴികെ) അധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും മാതൃ സ്കൂളും വ്യക്തമാക്കാമോ?

## എയ്ഡഡ് /മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപകരുടെ സ്ഥാനക്കയറ്റവും ഭിന്നശേഷി അധ്യാപക നിയമനവും

6731 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലായി എയ്ഡഡ് സ്കൂളുകളിലെ യു.പി. വിഭാഗത്തിൽ നിന്നും ഹൈസ്കൂളിലേക്കുള്ള അധ്യാപകരുടെ പ്രൊമോഷൻ അംഗീകാരത്തിനായി എത്ര പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലുണ്ടെന്ന വിവരം ഡി.ഇ.ഒ ഓഫീസ് തിരിച്ച് പേര് വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലകളിൽ എത്ര എയ്ഡഡ്/മാനേജ്മെന്റ് സ്കൂളുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തിയിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ഡി.ഇ.ഒ ഓഫീസ് തിരിച്ച് പേര് വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കാമോ;

(ഡി) ചില ഓഫീസുകളിലെങ്കിലും ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ നിയമന അംഗീകാരം നൽകുന്നത് വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രൊമോഷൻ തസ്തികകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ച ലിസ്റ്റ് ഉപയോഗിച്ച് മാനേജ്മെന്റ് നിയമിക്കുന്നതിനാൽ പ്രസ്തുത പ്രൊമോഷൻ അംഗീകരിക്കപ്പെടുന്നത് വരെ ഉദ്യോഗാർത്ഥികൾക്ക് നിയമന അംഗീകാരം ലഭിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത്തരത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും അറിയിക്കാമോ;

(എഫ്) പ്രസ്തുത ജില്ലകളിൽ വിവിധ എയ്ഡഡ് സ്കൂളുകളിലായി നിയമന അംഗീകാരം ലഭിക്കാത്ത എത്ര അധ്യാപകരുണ്ടെന്ന് സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ജി) പ്രസ്തുത ജില്ലകളിൽ വിവിധ സ്കൂളുകളിൽ നിയമിക്കപ്പെട്ട എത്ര ഭിന്നശേഷിക്കാർക്ക് ഇനിയും നിയമനാംഗീകാരം നൽകാനുണ്ടെന്ന് സ്കൂൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; ഇവരുടെ നിയമനാംഗീകാരം എന്നത്തേക്ക് നൽകാനാകുമെന്ന് അറിയിക്കാമോ?

## തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി

6732 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാകാത്തതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് കാലതാമസം നേരിടുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സർക്കാർ സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തിയത് പ്രകാരം അനുവദിക്കുന്ന അധിക തസ്തികകളിൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സർക്കാർ വിദ്യാലയങ്ങളിലെ തസ്തിക നിർണയം വഴി വയനാട് ജില്ലയിൽ എത്ര പുതിയ തസ്തികകൾക്ക് അംഗീകാരം നല്കാനാവുമെന്ന് എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികകൾ തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

## ഹോട്ടൽ, കാറ്ററിംഗ് മേഖലകളിലെ പാചക തൊഴിലാളികൾ

6733 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ, കാറ്ററിംഗ് മേഖലകളിലായി പാചകം മുഖ്യ തൊഴിലായി സ്വീകരിച്ച് ഉപജീവനം നടത്തുന്നവരുടെ എണ്ണമോ വിവരങ്ങളോ വകുപ്പിന്റെ പക്കൽ ലഭ്യമാണോ; അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഇവർക്കായി എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## തൊഴിലുറപ്പ് കരാർ ജീവനക്കാരുടെ മാനദണ്ഡങ്ങൾ

6734 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് കരാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) തൊഴിലുറപ്പ് കരാർ ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പുതിയ മാനദണ്ഡത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ

6735 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ആനുകൂല്യങ്ങളിൽ നാളിതുവരെ എത്ര രൂപ കുടിശികയുണ്ടെന്ന് ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ബി) ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകളാണ് തീരുമാനമെടുക്കാൻ ബോർഡിന്റെ പരിഗണനയിലുള്ളത്; ബോർഡ് തീരുമാനമെടുത്ത എത്ര അപേക്ഷകളിന്മേൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ;

(സി) ഓരോ ആനുകൂല്യങ്ങളുടെ ഇനത്തിലും എത്ര തുകയാണ് വിതരണം ചെയ്യാനുള്ളതെന്ന വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

6736 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ ഏതെങ്കിലും ഫണ്ട് ട്രഷറിയിൽ സ്ഥിരനിക്ഷേപം ഉണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇപ്രകാരം സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളതെന്നും ഏത് ഫണ്ടാണ് ഇതിനായി വിനിയോഗിച്ചതെന്നും അറിയിക്കാമോ;

(സി) സ്ഥിര നിക്ഷേപം നടത്തുന്നതിനായി പ്രസ്തുത ബോർഡ് ലോൺ എടുത്തിട്ടുണ്ടോ; എങ്കിൽ ലോണിന്റെ തിരിച്ചടവ് ഏത് രീതിയിലാണ് നിർവഹിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഗ്രാന്റുകൾ

6737 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റുകൾ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ബോർഡ് കൈപ്പറ്റിയിട്ടുണ്ടെന്നും എത്ര തുക ബോർഡ് ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഇനത്തിലാണ് ചെലവഴിച്ചതെന്നും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പങ്കാളിത്ത പെൻഷൻ പദ്ധതി

6738 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പെൻഷൻ ഫണ്ടിലേക്ക് നാളിതുവരെ തൊഴിലാളികളിൽ നിന്നും എത്ര തുക ഈടാക്കിയിട്ടുണ്ട്; ബോർഡിന്റെ വിഹിതമായി എത്ര തുക പെൻഷൻ ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ട് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

6739 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയൊക്കെയാണെന്നും ഓരോ ഓഫീസിലും എത്ര സ്റ്റാഫുണ്ടെന്നും തസ്തിക തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവ് സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഭരണ ചെലവ് നിർദ്ദേശിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിലനിൽക്കുന്നതാണോ; അല്ലെങ്കിൽ സ്കീമിൽ നിർദ്ദേശിച്ചിരിക്കുന്ന പരിധി എത്രയാണെന്നും ഓരോ വർഷവും എത്ര ശതമാനം കൂടുതൽ ചെലവുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിലേക്ക് മേൽ കാലയളവിൽ ഓരോ ജില്ലയിലും അംശാദായം ഇനത്തിൽ ലഭിച്ച വരുമാനം, ജില്ലയിലെ ക്ഷേമനിധി ബോർഡിന്റെ ഓഫീസുകളുടെ ഭരണ ചെലവ് എന്നിവ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം വർധിപ്പിക്കുന്നതിനുള്ള നടപടി

6740 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ച് നൽകിയിട്ട് എത്ര വർഷമായെന്നും, ജീവിത ചെലവുകൾക്ക് ആനുപാതികമായി അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു പാചക തൊഴിലാളി മാത്രമേ പാടുള്ളൂ എന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ പാചക തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഗണിച്ച് 250 കുട്ടികൾക്ക് ഒരാൾ എന്ന നിലയിൽ പരിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(ഡി) നിശ്ചിത കാലം ജോലി ചെയ്ത് വിരമിക്കുന്ന പാചക തൊഴിലാളികൾക്ക് മാനുഷിക പരിഗണന നൽകി വിരമിക്കൽ ആനുകൂല്യം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## കേരളത്തിലെ വയർമാൻ ഇലക്ട്രീഷ്യൻ വിഭാഗത്തിനുവേണ്ടി പ്രത്യേകമായ ക്ഷേമനിധി

6741 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയർമാൻ-ഇലക്ട്രീഷ്യൻ വിഭാഗത്തിനുവേണ്ടി പ്രത്യേകമായ ഒരു ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ഇലക്ട്രിക്കൽ വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്തിയിരിക്കുന്നത് മൂലം അവർക്ക് വേണ്ടത്ര പ്രയോജനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ഗുണപ്രദമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ക്ഷേമനിധിയിൽ ഇലക്ട്രിക്കൽ-വയർമാൻ വിഭാഗത്തിന്റെ ഇപ്പോഴുള്ള അൻപത് രൂപ അംശദായം നൂറ് രൂപ ആക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരു വർഷക്കാലമായി ഇലക്ട്രീഷ്യന്മാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) ലൈസൻസില്ലാതെ അനധികൃതമായി വയറിംഗ് ജോലികൾ ചെയ്യുന്ന സ്ഥിതി ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കുമോ; ലൈസൻസുള്ള വയറിങ് തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കാമോ;

(എഫ്) തദ്ദേശസ്വയംഭരണ വകുപ്പിൽ വീട്, കെട്ടിട നിർമ്മാണങ്ങൾക്ക് ഇലക്ട്രിക്കൽ വിഭാഗം പ്രവൃത്തികൾ സിവിൽ വർക്കിൽ നിന്ന് ഒഴിവാക്കി പ്രത്യേകമായി നടപ്പാക്കാൻ വ്യവസ്ഥ ചെയ്യുമോ; വ്യക്തമാക്കാമോ?

## കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം

6742 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നാളിതുവരെ ഉണ്ടായിട്ടുള്ള പരമാവധി അംഗത്വം എത്രയാണെന്ന് വ്യക്തമാക്കുമോ; ഏത് കാലയളവിലാണ് പരമാവധി തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നത് എന്ന് അറിയിക്കുമോ;

(ബി) നിലവിൽ പ്രസ്തുത ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര അംഗങ്ങൾ അംശാദായം അടയ്ക്കുന്നുണ്ടെന്നും എത്ര തൊഴിലാളികൾ നിലവിൽ ജോലി ചെയ്യാത്തതിനാൽ അംശാദായം അടയ്ക്കുന്നില്ല എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിടം

6743 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിടത്തിന്റെ സീലിംഗ് തകർന്ന് ജീർണ്ണാവസ്ഥയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അനേകം തൊഴിലാളികളുടെയും, കുടുംബാംഗങ്ങളുടെയും പ്രധാന ആശ്രയമായ പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടം പുതുക്കിപ്പണിയുന്നതിനും, അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി അപകടാവസ്ഥ പരിഹരിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ കുടിയേറ്റക്കാർ

6744 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതുവർഷം മുതൽ എത്തിയ ഇതര സംസ്ഥാനക്കാരെയാണ് കുടിയേറ്റക്കാർ ആയി കണക്കാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇങ്ങനെ എത്തുന്ന കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതലാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ദിവസവേതന താൽക്കാലിക ജീവനക്കാരെ നിയമിക്കൽ.

6745 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കെ പൊതുമേഖലാ സ്ഥാപനങ്ങളും, സർവ്വകലാശാലകളും, സർക്കാർ സ്കൂളുകളും സ്വന്തം നിലയ്ക്ക് ദിവസവേതന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും മാത്രമേ താൽക്കാലിക / ദിവസ വേതന ജീവനക്കാരെ നിയമിക്കാവൂ എന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് നിലനിൽക്കെ സ്വന്തം നിലയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന വകുപ്പ് മേധാവികളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെ മേധാവികളുടെയും പേരിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുമോ; വ്യക്തമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർ

6746 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി വിവിധ വിഭാഗങ്ങളിലായി വിവിധ വിഷയങ്ങളിൽ മതിയായ അധ്യാപക യോഗ്യതയുള്ള എത്ര ഭിന്നശേഷിക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഭിന്നശേഷിയുടെ സ്വഭാവം, അധ്യാപക യോഗ്യതയുടെ വിഷയം, യോഗ്യതയുള്ള വിഭാഗം (യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്.) എന്നിങ്ങനെ തരം തിരിച്ച് നൽകുമോ?

## വടക്കാഞ്ചേരിയിലെ തൊഴിൽ വകുപ്പിന്റെ സ്ഥാപനങ്ങൾ

6747 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ മോഡൽ കരിയർ സെന്ററോ (എം.സി.സി.) കരിയർ ഡെവലപ്മെന്റ് സെന്ററോ (സി.ഡി.സി.) മോഡൽ എംപ്ലോയ്മെന്റോ

സ്ഥാപിക്കുന്നതിന് സ്ഥലം എം.എൽ.എ. നിവേദനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെങ്കിലും പ്രസ്തുത മണ്ഡലത്തിന് അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവും വിശദാംശവും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ

6748 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ അഭിരുചിയ്ക്ക് അനുസരിച്ച് പഠിക്കാനും തൊഴിൽ ലഭ്യത ഉറപ്പാക്കാനും സഹായകരമായ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ നിലവിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബി.ആർ.സി.യിൽ നൈപുണ്യ പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## അട്ടപ്പാടി അഗളി വില്ലേജിലെ 20 ഏക്കർ ഭൂമിയുടെ നികുതി രസീതിന്റെ പകർപ്പ്

6749 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി അഗളി വില്ലേജിലെ 583/5, 583/10 എന്ന സർവ്വേ നമ്പറിലെ ഇരുപത് ഏക്കർ ഭൂമിയുടെ ആധാരം ആരുടെയൊക്കെ പേരിലാണെന്നും പ്രസ്തുത ഭൂമിക്ക് ആർക്കെല്ലാം നികുതി രസീത് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; വില്ലേജിൽ നിന്ന് നൽകിയ നികുതി രസീതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## തോട്ട ഭൂമി പരിവർത്തനം

6750 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി പരിവർത്തനത്തിനായി നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2024 വരെ പരിവർത്തനം ചെയ്യപ്പെട്ട തോട്ടഭൂമികളുടെ വിവരം, വർഷം, താലൂക്ക് എന്നിവതിരിച്ച് ലഭ്യമാക്കാമോ;

(സി) തോട്ടഭൂമി പരിവർത്തനവുമായി ബന്ധപ്പെട്ടുള്ള തീർപ്പാക്കലിനായി താലൂക്ക് ലാൻഡ് ബോർഡുകളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ നിലവിലെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെയായി, താലൂക്ക് ലാൻഡ് ബോർഡുകൾ തീർപ്പാക്കിയ തോട്ടഭൂമി പരിവർത്തന അപേക്ഷകൾ എത്രയെന്ന് താലൂക്ക്, വർഷം എന്നിവ

തിരിച്ച് ലഭ്യമാക്കാമോ?

**<u>സ്ഥലം പോക്കുവരവ് ചെയ്തുകിട്ടുന്നതിന് നടപടി</u>**

6751 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന്റെ വീതി കൂട്ടുന്നതിന് വേണ്ടി കെ.എസ്.ടി.പി. സ്ഥലം ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും സ്ഥലം വിട്ടുകൊടുത്ത ആളുകളുടെ ബാക്കി സ്ഥലം പോക്കുവരവ് ചെയ്തുകിട്ടാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം പരിശോധിക്കുമോ; എങ്കിൽ ആയതിന് എത്രയും വേഗം തീർപ്പുകൽപ്പിക്കുമോ; വിശദമാക്കാമോ;

(സി) കോട്ടയം ജില്ലയിൽ സ്ഥലം വിട്ടുകൊടുത്ത എത്രപേരുടെ പോക്കുവരവ് നടപടികൾ മുടങ്ങിക്കിടക്കുന്നുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; അതിൻപ്രകാരം എത്ര സ്ഥലമുടമകൾ പരാതി നൽകിയിട്ടുണ്ട്; ആയത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

**<u>താലൂക്ക്-വില്ലേജ് പുനഃസംഘടന</u>**

6752 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ ടീമിനെ എന്നാണ് നിയമിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എത്ര തുക ചെലവഴിച്ചുവെന്നു വിശദമാക്കുമോ?

**<u>അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ</u>**

6753 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും, വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖേനയും നടപ്പിലാക്കി വരുന്ന പദ്ധതികൾ, അവയുടെ തൽസ്ഥിതി റിപ്പോർട്ട് എന്നിവയുടെ വിശദാംശം അറിയിക്കുമോ?

**<u>അതിദരിദ്രരായ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാൻ നടപടി</u>**

6754 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിദരിദ്രരിൽപ്പെട്ട ഭൂരഹിതരെ കണ്ടെത്തി ഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; അതിദരിദ്രരിൽ

എത്രപേർക്കാണ് ഭൂമി ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളതെന്ന് താലൂക്ക് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

## പീരുമേട് പരുന്തുംപാറ വിനോദസഞ്ചാര പ്രദേശത്തെ കയ്യേറ്റം

6755 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ പരുന്തുംപാറ വിനോദസഞ്ചാര മേഖല പ്രദേശത്ത് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ റവന്യൂഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എത്ര ഏക്കർ സർക്കാർ ഭൂമിയാണ് സ്വകാര്യ വ്യക്തികൾ കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) മഞ്ജുമല വില്ലേജിലും പീരുമേട് വില്ലേജിലും ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ സാഹചര്യത്തിൽ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികളുടെ ഭൂമിയും വനംവകുപ്പിന്റെ ഭൂമിയും വ്യക്തമായി രേഖപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മഞ്ജുമല വില്ലേജിലെ 441, 182 സർവെ നമ്പറിൽപ്പെടുന്ന ഭൂമിയിൽ വനംവകുപ്പിനും റവന്യൂ വകുപ്പിനും എത്ര ഹെക്ടർ സ്ഥലമാണ് കൈവശമുള്ളത്; ആയത് സംബന്ധിച്ച് വ്യക്തമായ രേഖകൾ കൈവശമുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ?

## നെന്മാറ മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ

6756 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര പട്ടയങ്ങൾക്കുള്ള അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്നും വിശദമാക്കുമോ?

## പാലക്കാട് ജില്ലയിലെ പട്ടയ വിതരണം

6757 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ ഏഴു വർഷത്തിനിടെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

## മലപ്പുറം നിയോജക മണ്ഡലത്തിലെ പട്ടയ വിതരണത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കാൻ

6758 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ പട്ടയ വിതരണത്തിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള

സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്നും സർവ്വെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമോയെന്നും വ്യക്തമാക്കാമോ;

(ബി) മലപ്പുറം വില്ലേജിലെ പതിനഞ്ച് കുടുംബങ്ങൾക്ക് 2006 -ൽ അനുവദിച്ച പട്ടയഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ടി ഫെയർവാല്യൂ നിശ്ചയിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) മൊറയൂർ വില്ലേജിലെ റീസർവ്വെ 94/2 നമ്പറിൽ ഉൾപ്പെട്ട ഒമ്പത് കുടുംബങ്ങൾക്ക് പട്ടയ വിതരണത്തിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) മലപ്പുറം മണ്ഡലത്തിലെ പട്ടയ വിതരണത്തിനായുള്ള അപേക്ഷകളിൽ കൈവശകക്ഷികളുടെ അർഹതാ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>അരൂർ മണ്ഡലത്തിൽ പട്ടയ വിതരണം</u>

6759 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകൾ എം.എൽ.എ. ഡാഷ് ബോർഡിൽ വന്നിട്ടുണ്ടെന്നും ശേഷിക്കുന്നവ ഡാഷ് ബോർഡിൽ വരാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

## <u>അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി</u>

6760 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളിൽ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇവർക്ക് എന്നത്തേക്ക് സ്ഥിരപട്ടയം നൽകാനാകും എന്നുള്ള വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്രപേർക്കാണ് പട്ടയം നൽകേണ്ടത് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരംതിരിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്കുള്ള പട്ടയ നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം നൽകാമോ;

(സി) പ്രസ്തുത പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്ന് മുതലാണ് ആരംഭിച്ചിട്ടുള്ളതെന്നും ആയതിന്റെ മുഴുവൻ രേഖകളും റവന്യൂ വകുപ്പിൽ ലഭ്യമാണോയെന്നും അറിയിക്കുമോ; കൃത്യമായ റീസർവ്വേ രേഖകൾ ഇല്ല എന്ന

കാരണത്താൽ പട്ടയനടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയും വേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## ഫാറൂക്ക് കോളേജിന് ലഭ്യമായ പട്ടയത്തിന്റെ വിശദാംശം

6761 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ പഴയ സർവേ നമ്പർ 18/1 ൽ ഉൾപ്പെട്ടുവരുന്ന പണ്ടാരവക വെറും പാട്ടമായി കിടന്നിരുന്ന 404.76 ഏക്കർ വസ്തുവിന്റെ പട്ടയം ഫാറൂക്ക് കോളേജിന് ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പട്ടയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പട്ടയത്തിന്റെ നമ്പർ എത്രയെന്നും എന്നാണ് പട്ടയം അനുവദിച്ചതെന്നും, ആരാണ് പട്ടയം അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ വർഷങ്ങളായി താമസിച്ചിരുന്ന കുടികിടപ്പുകാരുടെ അവകാശം അവർക്ക് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുഴുപ്പിള്ളി വില്ലേജിലെ പണ്ടാരവക വെറുംപാട്ടമായി കിടന്നിരുന്ന സർവെ നമ്പർ 18/1 ൽ ഉൾപ്പെട്ട 404.76 ഏക്കർ വസ്തു കൈവശം വച്ചിരുന്ന മുഹമ്മദ് സിദ്ദിഖ് സേട്ട് എന്ന വ്യക്തി പ്രസ്തുത ഭൂമിയിലെ കുടികിടപ്പുകാരുടെ അവകാശം നിഷേധിച്ച് 1950 ൽ 2115 നമ്പർ ആധാരപ്രകാരം ഫാറൂഖ് കോളേജിന് ദാനമായി നൽകിയതും തുടർന്ന് 1951 ൽ ഫാറൂഖ് കോളേജിന് പട്ടയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ അവകാശം ലഭിക്കുകയും ചെയ്ത മേൽവസ്തുവകകൾ 1995 ലെ വഖഫ് നിയമം 36-ഉം 37-ഉം വകുപ്പുകൾ പ്രകാരം വഖഫ് രജിസ്റ്ററിൽ ചേർക്കുവാനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത നടപടിക്ക് നിയമസാധുത ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി

6762 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് പുറമ്പോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങളുടെ പട്ടയത്തിനായുള്ള അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കുന്നതിനായി അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങൾ

6763 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ മതിലകം ഗ്രാമപഞ്ചായത്തിലെ പാപ്പിനിവട്ടം വില്ലേജിൽ താമസിക്കുന്ന പുതിയവീട്ടിൽ മുജീബ്, പാണ്ടപ്പറമ്പത്ത് അഷറഫ്, തിരുവിതാംകോട്ട് ഫാത്തിമ എന്നിവർക്ക് ഇവരുടെ ഭൂമിയുടെ തരവും സ്ഥാനവും സംബന്ധിച്ച വിഷയങ്ങളിലുള്ള വ്യക്തതക്കുറവുമൂലം പട്ടയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് പട്ടയം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ചു നൽകുമോ; ഇവർക്ക് പട്ടയം ലഭിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## ചാക്കോച്ചിറ ദേശ നിവാസികളായ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി

6764 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്ക് തെറവ് വില്ലേജിലെ ചാക്കോച്ചിറ നിവാസിയായ ജോജി. സി. ആർ., ചാലേക്കൽ വീട് പുതുക്കാട്, പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ചാക്കോച്ചിറയിലുള്ള അർഹരായ അപേക്ഷകർക്ക് പട്ടയം നല്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

## ഭൂരഹിതർക്ക് പട്ടയം നൽകാനുള്ള നടപടികൾ

6765 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായി പുറമ്പോക്ക് ഭൂമിയിലും മറ്റും താമസിക്കുന്ന അർഹരായവർക്കെല്ലാം പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അർഹരായവർക്കെല്ലാം പട്ടയം നൽകുന്നതിനു നിലവിലുള്ള നിയമതടസ്സങ്ങൾ എന്തെല്ലാമാണ്; ഇവ പരിഹരിക്കാൻ സ്വീകരിക്കാനാവുന്ന നടപടികൾ വിശദീകരിക്കുമോ?

## പട്ടയത്തിലെ ഉപാധി വ്യവസ്ഥകൾ

6766 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(പി) നം.60/2017/ആർ.ഡി. തീയതി 10.10.2017 - ലെ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം, ഇരുപത്തിയഞ്ചു വർഷത്തെ ഉപാധികളോടു കൂടി നൽകിയ പട്ടയത്തിലെ ഉപാധി വ്യവസ്ഥകൾ പന്ത്രണ്ടു വർഷമാക്കി കുറച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള ഇളവ് ഭൂവുടമകൾക്ക് ലഭിച്ചു വരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) ഈ വിജ്ഞാപന പ്രകാരം പന്ത്രണ്ടു വർഷത്തിനുശേഷം സ്ഥലം കൈമാറ്റം ചെയ്ത് രജിസ്റ്റർ ചെയ്തെങ്കിലും കരം സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെയും കൊല്ലമുള വില്ലേജ് ഓഫീസിലെയും ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു എന്ന് കാട്ടി ബീനാമോൾ എന്നയാൾ പരാതി നൽകിയിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ;

(ഇ) ഉപാധി രഹിത പട്ടയത്തിന്റെ കൈമാറ്റ കാലാവധി ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ കുറച്ചെങ്കിലും ഇത് നടപ്പാക്കി ലഭിക്കുന്നതിന് കോടതിയെ സമീപിക്കേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) സർക്കാർ ഉത്തരവ് പ്രകാരം നടപ്പാക്കി കിട്ടേണ്ട പട്ടയവുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ജനങ്ങൾക്കു ലഭിക്കുന്നതിന് കോടതിയെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ജി) പൊതുജന താത്പര്യാർത്ഥം സർക്കാർ കൊണ്ടുവരുന്ന സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## പട്ടയമേളയിൽ പാലക്കാട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങൾ

6767 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയമിഷനും പട്ടയ അസംബ്ലികളും ചേർന്നു നടത്തിയ പട്ടയമേളയിലൂടെ എത്ര പട്ടയങ്ങളാണ് പാലക്കാട് ജില്ലയിൽ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഭൂമിപതിച്ചു നൽകുന്ന നടപടി

6768 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വരന്തരപ്പിള്ളി വില്ലേജിൽ സർവ്വേ നമ്പർ 360 ൽ ഉൾപ്പെടുന്നതും ബി.ടി.ആർ. പ്രകാരം കന്നുകാലി മേച്ചിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി, ശ്രീ. അശ്വിദാസ്, ശ്രീമതി ഷൈലജ എന്നിവരുടെ പേരിൽ പതിച്ചു നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും, തദ്ദേശസ്വയംഭരണ വകുപ്പും ആവശ്യമായ നടപടികൾ പൂർത്തീകരിക്കുകയും, തൃശ്ശൂർ ജില്ലാ കളക്ടർ 08.08.2023 ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ. അശ്വിദാസ്, ശ്രീമതി ഷൈലജ എന്നിവർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മംഗലം ഇറിഗേഷൻ പ്രൊജക്റ്റിന്റെ ഭാഗമായ കൂലി ക്വാർട്ടേഴ്സിലുള്ളവർക്ക് പട്ടയം

6769 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായ കൂലി ക്വാർട്ടേഴ്സിൽ നാല്പത് വർഷത്തിലധികമായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വിശദമാക്കാമോ?

**<u>പട്ടയം ലഭിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷകൾ</u>**

6770 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ നൽകിയിട്ടുള്ള പട്ടയങ്ങളുടെ എണ്ണം ജില്ലയും വർഷവും തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ ഭവന നിർമ്മാണത്തിനായി അനുവദിച്ച പട്ടയങ്ങളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ, ബഹുനില കെട്ടിടങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കുമായി പട്ടയം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ പട്ടയം ലഭ്യമാക്കിയവയുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഇ) നിലവിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(എഫ്) നിലവിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ സ്വന്തമായി ഭൂമിയില്ലാത്തവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകൾ</u>**

6771 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയം അനുവദിച്ചു കിട്ടുന്നതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയാണെന്നും ഇതിനായി സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണെന്നും പഞ്ചായത്തു തിരിച്ചുള്ള വിവരം അറിയിക്കാമോ;

(ബി) ഈ സർക്കാർ വന്നതിനു കുന്നത്തുനാട് മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച പട്ടയങ്ങൾ എത്രയാണെന്ന വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ; വിശദമാക്കാമോ?

**<u>പട്ടയ രേഖകളോ പകർപ്പോ ഇല്ലാത്തതിനാൽ വായ്പ എടുക്കാനാകാത്ത സാഹചര്യം</u>**

6772 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാട്ടുകുന്ന് എന്ന പ്രദേശത്തെ ഇരുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് പട്ടയരേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻപ് ഈ പ്രദേശത്ത് ജൂബിലി പട്ടയം എന്ന പേരിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയ രേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ ഈ കുടുംബങ്ങളുടെ വിഷയം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## <u>ഭൂമി തരംമാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യാൻ സോഫ്റ്റ്‌വെയർ</u>

6773 **ശ്രീ. എം. എം. മണി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റൽ അപേക്ഷകൾ നിലവിൽ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുംവിധം പുതിയ സോഫ്റ്റ്‌വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പുതിയ സംവിധാനം എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ;

(ബി) അനിവാര്യമായ ഉദ്യോഗസ്ഥ ക്രമീകരണം സാധ്യമാക്കുന്നതിന് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ എപ്രകാരമാണ് സഹായകരമായിരിക്കുന്നത്; വിശദമാക്കുമോ;

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലും ആവശ്യമായ താൽക്കാലിക നിയമനങ്ങൾക്കും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തരംമാറ്റ അപേക്ഷയുടെ ആധിക്യം സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കും വിധം ഓൺലൈൻ സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ സഹായകമായിരുന്നോ; വിശദമാക്കുമോ?

## <u>മലയോര ഹൈവേക്കായി ഭൂമി ഏറ്റെടുക്കൽ</u>

6774 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കൊടകര-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മൂപ്ലിയം കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി-ചിമ്മിനി റോഡ്, ചക്കാലക്കടവ് പാലം, നെല്ലായിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം, നിർദ്ദിഷ്ട മലയോര ഹൈവേ എന്നിവയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളിൽ വലിയ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാൻഡ് അക്വിസിഷൻ നടപടികൾ കാര്യക്ഷമവും ഊർജ്ജിതമാക്കുന്നതിനായി ആവശ്യമായ സർവ്വേയർമാർ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് സംഘത്തെ പ്രത്യേകമായി നിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമി ഏറ്റെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കുന്ന വ്യാപാരികൾക്കുള്ള നഷ്ടപരിഹാരം**

6775 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര വ്യാപാരികളെ ഒഴിപ്പിച്ചിട്ടുണ്ടെന്നും അവരിൽ എത്രപേർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടെന്നും നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; എത്ര തുക വീതമാണ് ചെറുകിട കച്ചവടക്കാർക്ക് നഷ്ടപരിഹാരമായി നൽകിയതെന്നും അതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കുന്ന വ്യാപാരികൾക്ക് മാന്യമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

**പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ സ്ഥലം ഏറ്റെടുക്കൽ**

6776 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഭൂ ഉടമകൾക്ക് നൽകുന്നതിന് തീരുമാനിച്ച വില കുറയ്ക്കുന്നതിന് പിന്നീട് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പെരുമണ്ണ ടൗണിനോട് ചേർന്ന ഉയർന്ന വിലയുള്ള ഭൂമിയ്ക്ക് വളരെ കുറഞ്ഞ നിരക്കിൽ വില പുനർനിർണ്ണയിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**ഭൂമി സ്വമേധയാ ഏറ്റെടുക്കാൻ നടപടി**

6777 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നിലനിന്നിരുന്ന പല ചെറുകിട സഹകരണ വ്യവസായ സ്ഥാപനങ്ങളുടെയും ഭൂമി അന്യാധീനപ്പെട്ട് കിടക്കുന്നതായി റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിനുള്ള ബാധ്യതകൾ തീർക്കാത്തതും അനാഥമായി കിടക്കുന്നതുമായ ഭൂമി സ്വമേധയാ ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സന്നദ്ധമാകുമോ; വ്യക്തമാക്കാമോ?

**എയിംസിനായി ഭൂമി ഏറ്റെടുക്കുന്ന നടപടി**

6778 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ എയിംസിനായി കണ്ടെത്തിയ കോഴിക്കോട് കിനാലൂരിലെ നൂറ് ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര പേരുടെ ഭൂമിയും വീടും, മറ്റ് കെട്ടിടങ്ങളുമാണ് ഏറ്റെടുക്കുന്ന ഭൂമിയിൽ ഉള്ളത്; ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിശദമാക്കാമോ?

**പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി**

6779 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവരുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി**

6780 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടവ്യവസ്ഥ ലംഘിച്ച് കോടികൾ വിലമതിക്കുന്ന സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ വന്നശേഷം പാട്ടക്കുടിശിക കണക്കാക്കിയിട്ടുണ്ടോയെന്നും നിയമാനുസൃതം ലഭിക്കേണ്ട പാട്ടക്കുടിശിക ഈടാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

6781 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>**കടമക്കുടി വില്ലേജ് ഓഫീസ് നിർമ്മാണം**</u>

6782 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയത് എന്നാണെന്നും, അനുവദിച്ച തുക എത്രയാണെന്നും, നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം നിലച്ചിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>**കറുകച്ചാൽ മിനി സിവിൽ സ്റ്റേഷനു വേണ്ടി സ്ഥലം**</u>

6783 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ചിരിക്കുന്ന കറുകച്ചാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി എത്തിച്ചേരാവുന്ന വിധത്തിൽ കറുകച്ചാൽ ബസ് സ്റ്റാന്റിന് അഞ്ഞൂറുമീറ്റർ ചുറ്റളവിൽ റവന്യൂ ഭൂമി ലഭ്യമാണോയെന്നും ഇല്ലായെങ്കിൽ സ്വകാര്യസ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്നും വിശദമാക്കാമോ?

<u>**നെന്മാറ മണ്ഡലത്തിലെ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**</u>

6784 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം നെന്മാറ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര വില്ലേജ് ആഫീസുകളുടെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

<u>**കൈപ്പമംഗലം മണ്ഡലം - ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ റവന്യൂ ടവർ നിർമ്മാണം**</u>

6785 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ടിരിക്കുന്ന റവന്യൂടവർ നിർമ്മാണത്തിനായി ഭൂമിയുടെ കൈമാറ്റവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിച്ച സാഹചര്യത്തിൽ വളരെ വേഗത്തിൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## റവന്യൂ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം

6786 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഒരു ഓഫീസിലെ ഒരു സീറ്റിൽ മൂന്ന് വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരനെ നിർബന്ധമായും ആ ഓഫീസിലെ മറ്റൊരു സീറ്റിലേയ്ക്കും, ഒരു ഓഫീസിൽ അഞ്ചുവർഷം പൂർത്തിയായ ജീവനക്കാരനെ നിർബന്ധമായും മറ്റൊരു ഓഫിസിലേയ്ക്കും മാറ്റിനിയമിക്കണമെന്ന സർക്കാർ ഉത്തരവ് ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) 30.07.2021 ലെ സ.ഉ.(സാധാ) നം. 2485/2021/റവ. ഉത്തരവിലെ മാനദണ്ഡങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ നിശ്ചിത കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ മാറ്റി നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്ര ജീവനക്കാർക്ക് പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ടെന്ന് ഓഫീസ് തിരിച്ച് അറിയിക്കുമോ;

(സി) റവന്യൂ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## 11-10-2019 ന് വിരമിച്ച ശ്രീ അബ്ദുല്ല എന്നയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതി നടപടി

6787 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ടു വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 11-10-2019 ന് വിരമിച്ച ശ്രീ അബ്ദുല്ല എന്നയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും ആനുകൂല്യം എപ്പോൾ ലഭ്യമാകുമെന്നും അറിയിക്കാമോ; വിശദാംശം നൽകാമോ?

## താലൂക്കുകളുടെയും വില്ലേജ് ഓഫീസുകളുടെയും എണ്ണം

6788 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര താലൂക്കുകളും വില്ലേജ് ഓഫീസുകളുമാണ്

ഉള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ

6789 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനായി നിലവിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ വിശദാംശം താലൂക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഭൂമി തരംമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിനായി റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളാണെന്നും ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി നാളിതുവരെ എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഭൂമി തരംമാറ്റ നടപടികളുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ എത്ര താൽക്കാലിക, കരാർ ജീവനക്കാർ ജോലിചെയ്യുന്നുണ്ട്; ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഭൂമി തരംമാറ്റ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളും വാഹന സൗകര്യങ്ങളുമാണ് ഏർപ്പെടുത്തിയത്; ഓരോ ഇനത്തിലും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കുമരംപുത്തൂർ പഞ്ചായത്തിലെ ടൂറിസം പദ്ധതിയ്ക്ക് റവന്യൂ ഭൂമി

6790 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരംപുത്തൂർ പഞ്ചായത്തിലെ പാത്രക്കടവ് കുരുത്തിച്ചാൽ പ്രദേശത്ത് ടൂറിസം വകുപ്പ് നിർദ്ദേശിച്ച പദ്ധതിക്ക് റവന്യൂ ഭൂമി കൈമാറുന്നതിനുള്ള (ഫയൽ നം. എൽ1/50/2024/റവ) നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ

6791 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

## കൊച്ചി ധനുഷ്കോടി ദേശീയ പാത

6792 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ധനുഷ്കോടി ദേശീയ പാതയിൽ നേര്യമംഗലം മുതൽ വാളറ വരെ, നൂറ് അടി വീതിയിൽ 14.5 കിലോമീറ്റർ ദൂരത്തിലുള്ള ഭൂമി റവന്യൂ ഭൂമിയാണെന്നും അവിടെ വനം വകുപ്പിന് അവകാശമില്ലെന്നും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 28.05.2024-ന് വിധി പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നൂറ് അടി വീതിയിലുള്ള പ്രസ്തുത പ്രദേശം ഭാവിയിൽ അനാവശ്യമായ വ്യവഹാരങ്ങളിൽപ്പെട്ട് പോകാതിരിക്കുന്നതിനായി കുറ്റിവെച്ച് തിരിച്ച് ദേശീയ പാത വികസനം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ജനതാല്പര്യം മുൻനിർത്തി ദേശീയ പാത വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വസ്തുവിന്റെ വില നിർണ്ണയിക്കുന്നതിന് നടപടി

6793 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കുളത്തുമ്മൽ ഹയർസെക്കന്ററി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുവിന്റെ വില നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നതിൻപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; കാലതാമസം ഒഴിവാക്കി നടപടികൾ പൂർത്തീകരിക്കുമോ; വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

6794 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ഭൂമിയുടെ ഫെയർവാല്യൂ വർദ്ധനവ്

6795 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നറുകര, മഞ്ചേരി, വില്ലേജുകളിൽ പലസ്ഥലങ്ങളിലും ഭൂമിയുടെ ഫെയർവാല്യൂ നൂറുമുതൽ മുതൽ ഇരുനൂറ് ശതമാനത്തിൽ അധികം വർദ്ധിപ്പിച്ചത് കുറയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഭൂമിയുടെ ഫെയർവാല്യൂ ക്രമാതീതമായി വർദ്ധിപ്പിച്ചതുമൂലം മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ കീഴിൽ വസ്തു രജിസ്ട്രേഷനിൽ കുറവ് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ദേവികുളം താലൂക്കിലെ പട്ടയ അപേക്ഷകളുടെ മുൻഗണനാക്രമം

6796 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ നാളിതുവരെ ലഭിച്ച പട്ടയ അപേക്ഷകളുടെ മുൻഗണനാക്രമം ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻഗണനാക്രമം രേഖപ്പെടുത്തുന്ന നമ്പർ.1 രജിസ്റ്റർ നിലവിൽ സൂക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത രജിസ്റ്റർ പ്രകാരം എത്ര അപേക്ഷകർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഇന്ത്യൻ കോഫിഹൗസ്</u>**

6797 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഇന്ത്യൻ കോഫിഹൗസ് ആരംഭിക്കുന്നതിന് നിർദേശം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>മൊബൈൽ ആപ്ലിക്കേഷൻ വഴി ഭൂനികുതി ഒടുക്കുന്നത് സംബന്ധിച്ച്</u>**

6798 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി ഒടുക്കുന്നതിന് തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻവഴി നികുതി ഒടുക്കിയ ഭൂ ഉടമകളുടെ എണ്ണം വകുപ്പിന്റെ പക്കൽ ലഭ്യമാണോ; എത്ര ഭൂ ഉടമകളാണ് കഴിഞ്ഞ സാമ്പത്തിക വർഷം ഈ സേവനം ഉപയോഗപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) മൊബൈൽ ആപ്ലിക്കേഷൻ വഴി ഭൂ നികുതി ഒടുക്കുന്നതിന് ഭൂ ഉടമകളെ പ്രോത്സാഹിപ്പിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>**

6799 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആകുന്നത് മൂലം പൊതുജനങ്ങൾക്ക് ലഭിക്കുന്ന അധിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ്

6800 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് മുഖേന ഇപ്പോൾ ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് നൽകാറുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷം കാസർഗോഡ് ജില്ലയിൽ നൽകിയ ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റുകളുടെ എണ്ണം താലൂക്ക് ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ അപേക്ഷ കിട്ടിയിട്ടും ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത എത്ര കേസുകളുണ്ടെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ അപേക്ഷകൾ ലഭിച്ചത് എപ്പോഴാണെന്നും ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നും താലൂക്ക് ഓഫീസ് തിരിച്ച് അറിയിക്കാമോ;

(ഇ) സ്വത്തുക്കൾ വിഭജിക്കുന്നതിനും ബാങ്കുകളിലെ കണക്ക് തീർക്കുന്നതിനും ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് കിട്ടാതെ വിഷമിക്കുന്ന കുടുംബങ്ങളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ റീസർവേ

6801 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വില്ലേജ് ഓഫീസുകളാണ് നിലവിലുള്ളത്;

(ബി) എത്ര വില്ലേജുകളാണ് ഡിജിറ്റൽ റീസർവേ ചെയ്യുന്നതിനായി ഉദ്ദേശിക്കുന്നത്;

(സി) കണ്ണൂർ ജില്ലയിൽ എത്ര വില്ലേജുകളിലെ റീസർവേ പൂർത്തിയായിട്ടുണ്ട്;

(ഡി) കണ്ണൂർ ജില്ലയിൽ ഇപ്പോൾ ഡിജിറ്റൽ റീസർവേ നടന്നു വരുന്ന വില്ലേജ് ഓഫീസുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ റീസർവേ നടപടികൾ

6802 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് റീസർവേയ്ക്ക് നടപടികൾ സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ റീസർവേ സംബന്ധിച്ച പരാതികളുടെ എണ്ണവും അവയിൽ തീർപ്പ് കൽപ്പിച്ചവയുടെ എണ്ണവും എത്രയെന്നു വ്യക്തമാക്കാമോ;

(സി) റീസർവേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ഇടുക്കി ജില്ലയിലെ ഡിജിറ്റൽ റീ-സർവേ

6803 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഡിജിറ്റൽ റീ-സർവേകൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഡിജിറ്റൽ റീ-സർവേ പൂർത്തിയായിട്ടും സോഫ്റ്റ്‌വെയറിന്റെ പോരായ്മ മൂലം ഇപ്പോഴും റീ-സർവേ പ്രകാരമുള്ള ഇടപാടുകൾ സുഗമമായി നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ഏതെല്ലാം വില്ലേജുകളിലാണ് ഈ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

## റീ-സർവേയിലെ തെറ്റ് തിരുത്തൽ

6804 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ റീസർവേയിലെ തെറ്റ് തിരുത്തുന്നതിന് എഴുപത്തിയെട്ട് താലൂക്കുകളിലായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഏതു രീതിയിലാണ് ഇവ പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ തെറ്റ് തിരുത്തൽ അപേക്ഷ വന്നിരിക്കുന്നത് ഏത് ജില്ലയിലാണ്; സംസ്ഥാനത്ത് സർവേയർമാരുടെ അഭാവം മൂലം റീസർവേയിലെ തെറ്റ് തിരുത്തൽ നടപടികൾ വൈകുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയുടെ ഡിജിറ്റൽ സർവേയുടെ മറവിൽ സമാന്തര സർവേ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ റീസർവേ നടപടികൾ

6805 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റീ സർവേ നടപടികളിലെ അപാകതകൾ സംബന്ധിച്ച് ലഭിച്ച പരാതികളിൽ പരിഹരിക്കാൻ ബാക്കിയുള്ളവ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വില്ലേജുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?a?

## അട്ടപ്പാടിയിൽ ഭൂമിവാങ്ങുന്നതിന് നൽകിയ ഇളവ്

6806 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ താലൂക്ക് ലാൻഡ് ബോർഡ് ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾക്കും ഫാമുകൾക്കുമാണ് പതിനഞ്ച് ഏക്കർ ഭൂമിയിലധികം വാങ്ങുന്നതിന് ഇളവ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; താലൂക്കിലെ എത്ര

തോട്ടങ്ങൾക്ക്,എത്ര ഏക്കർ ഭൂമിക്കാണ് ഇപ്രകാരം ഇളവ് അനുവദിച്ചതെന്നു വിശദമാക്കാമോ?

**എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ അന്താരാഷ്ട്ര ടൂറിസം ഹബ്**

6807 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര ടൂറിസം ഹബ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

**വീട്ടുകൾ പൂർണമായും നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

6808 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കടൽക്ഷോഭ വും മറ്റ് കാരണങ്ങൾകൊണ്ടും വീടുകൾ പൂർണമായി നഷ്ടപ്പെട്ട് വീട് വിട്ട് പോകേണ്ടിവന്നവരുടെയും ക്യാമ്പുകളിൽ കഴിയുന്നവരുടെയും പുനരധിവാസം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ പുനരധിവാസം സാധ്യമായില്ലെങ്കിൽ ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധു വീടുകളിലും മറ്റും താമസിക്കുന്നവരെ അതതു പ്രദേശങ്ങളിൽ വാടകയ്ക്ക് വീടുകൾ കണ്ടെത്തി താല്കാലികമായി പുനരധിവസിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**റെഡ്, ഓറഞ്ച് സോണുകളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ**

6809 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഉള്ള സാധ്യത കണക്കിലെടുത്തുകൊണ്ട് ഇടുക്കി ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് റെഡ്, ഓറഞ്ച് സോണുകളായി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ഈ സോണുകളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വിദഗ്ധ സമിതികളുടെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രദേശങ്ങളെ റെഡ്, ഓറഞ്ച് സോണുകളായി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) വിദഗ്ധ സമിതിയിൽ ആരൊക്കെയാണ് അംഗങ്ങളായിട്ടുള്ളതെന്ന് അറിയിക്കാമോ?

## മൗലാനാ യാക്കൂബ് മെമ്മോറിയൽ മുസ്ലിം ഓർഫനേജിന്റെ രജിസ്ട്രേഷൻ പുതുക്കൽ

6810 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മൗലാനാ യാക്കൂബ് മെമ്മോറിയൽ മുസ്ലിം ഓർഫനേജ് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നൽകിയിട്ടുള്ള അപേക്ഷയിൽ (ജെ.2/303)നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ?

## ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷണം

6811 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പദ്ധതി നടപ്പിലാക്കിയാൽ ആധാരം എഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടും എന്ന ആശങ്ക പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഡിജിറ്റൽ സർവേ പൂർത്തിയായാൽ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കാൻ കഴിയുമോ; വിശദമാക്കാമോ;

(സി) വ്യക്തികൾക്ക് സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യാമെന്ന സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇ-സ്റ്റാമ്പിംഗ്

6812 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ആധാരം തയ്യാറാക്കുന്നതിന് ഇ-സ്റ്റാമ്പിംഗ് രീതി അനുയോജ്യമാണോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ഇ-സ്റ്റാമ്പിംഗ് രീതി വിശദമാക്കാമോ;

(സി) ആധാര രജിസ്ട്രേഷൻ സേവന മേഖല കൂടുതൽ ശാക്തീകരിക്കുന്നതിന് പ്രസ്തുത രീതി എത്രത്തോളം സഹായകരമാണ്; വിശദാംശം നൽകാമോ?

## രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ

6813 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് വഴിയുള്ള എന്തെല്ലാം സേവനങ്ങൾക്കാണ് ഓൺലൈൻ സൗകര്യം ലഭ്യമായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

**<u>ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കാൻ സർക്കാർ സഹായം</u>**

6814 **ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്വന്തമായി തയ്യാറാക്കുമ്പോൾ പിശകുകൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;?

**<u>കല്ല്യാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>**

6815 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ഉദുമ സബ്-രജിസ്ട്രാർ ഓഫീസ്</u>**

6816 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ്-രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കെട്ടിടത്തിനുള്ളിൽ ക്യാബിൻ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് എന്ന് മാറുമെന്ന് അറിയിക്കാമോ?

**<u>പഴയ ആധാരങ്ങൾ, റിക്കാർഡുകൾ എന്നിവ ബയന്റ് ചെയ്യൽ</u>**

6817 **ശ്രീ. പി. നന്ദകുമാർ**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയ ആധാരങ്ങൾ, റിക്കാർഡുകൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതോടൊപ്പം ബയന്റ് ചെയ്യുന്നതിനു കൂടി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കാസർഗോഡ് താലൂക്കിൽ മുന്നാട് വില്ലേജിലെ ഭൂമിയുടെ ന്യായവില</u>**

6818 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിലെ മുന്നാട് വില്ലേജിലെ ഭൂമിയുടെ ന്യായവില സംബന്ധിച്ച വിഷയം ഇതുവരെ പരിഹരിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമീപ വില്ലേജുകളെ അപേക്ഷിച്ച് ഭൂമിയുടെ ന്യായവില വർദ്ധനവ് മൂലം ഈ വില്ലേജിൽ ഭൂമി കൈമാറ്റം നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## <u>ജില്ലാ രജിസ്ട്രാർമാരുടെ സ്ഥലം മാറ്റം</u>

6819 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരായി രജിസ്ട്രേഷൻ വകുപ്പിലെ ഏതൊക്കെ ജില്ലാ രജിസ്ട്രാർമാരെയാണ് സ്ഥലം മാറ്റി നിയമിച്ചിരുന്നത്; വിശദമാക്കാമോ;

(ബി) 2024-ലെ തിരഞ്ഞെടുപ്പ് ജോലികൾ പൂർത്തിയായ സാഹചര്യത്തിൽ ഇലക്ഷൻ ഡ്യൂട്ടിക്കായി ട്രാൻസ്ഫർ ചെയ്ത ജില്ലാ രജിസ്ട്രാർമാരെ അവർ മുൻപ് ജോലി ചെയ്ത സ്ഥലത്തേക്ക് തിരികെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സീനിയോറിറ്റിയുള്ളവർ,എസ്.സി./എസ്.റ്റി. വിഭാഗക്കാർ തുടങ്ങിയവരുടെ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പരിഗണിച്ചാണോ രജിസ്ട്രേഷൻ വകുപ്പിൽ ജില്ലാ രജിസ്ട്രാർമാരെ മാറ്റി നിയമിക്കുന്നത്; വിശദമാക്കാമോ;

(ഡി) രജിസ്ട്രേഷൻ വകുപ്പിൽ ജില്ലാ രജിസ്ട്രാർ തസ്തികയിൽ നടത്തിയിട്ടുള്ള പ്രത്യേക സ്ഥലം മാറ്റങ്ങൾക്കായി 2023-ന് ശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച പരാതികളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ നിന്നുള്ള വാർഷിക പരിശോധന</u>

6820 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ നിന്നും ജില്ലകളിൽ വാർഷിക പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പരിശോധനയ്ക്ക് തുടർച്ചയായി പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരവും അവർ ഓരോ വർഷവും ഏതെല്ലാം ജില്ലകളിൽ പരിശോധനയിൽ പങ്കെടുത്തുവെന്നും വിശദമാക്കാമോ; പ്രസ്തുത ജീവനക്കാർ പ്രതിവർഷം യാത്രാ ബത്തയായി കൈപ്പറ്റിയ തുക എത്രയെന്ന് അറിയിക്കാമോ;

(സി) വകുപ്പ് തല അന്വേഷണമോ വിജിലൻസ് പരാമർശങ്ങളോ നേരിടുന്ന ഏതെങ്കിലും ജീവനക്കാരെ ജില്ലകളിലെ പരിശോധനയ്ക്ക് നിയോഗിച്ചിരുന്നോ;

ഇവരിൽ ആർക്കെങ്കിലുമെതിരെ പ്രസ്തുത പരിശോധനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടികൾ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഒരേ ഉദ്യോഗസ്ഥരെ തന്നെ ജില്ലകളിൽ പരിശോധനയ്ക്ക് നിയോഗിക്കരുതെന്ന് രജിസ്ട്രേഷൻ ഐ.ജി. നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശം ലംഘിച്ച് പരിശോധനയ്ക്ക് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ജില്ലാ ഓഫീസർമാരുടെ യാത്രാ ഡയറി കൃത്യസമയത്ത് അംഗീകരിച്ച് നൽകുന്നില്ലായെന്ന് എതെല്ലാം ജില്ലാ രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ടെന്നും അത്തരത്തിൽ കാലതാമസം വരുത്തിയ ജീവനക്കാർ ആരെല്ലാമാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) വാർഷിക പരിശോധന സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനിൽ എത്ര ഫയലുകൾ നിലവിൽ കുടിശികയുണ്ടെന്ന വിവരം സീറ്റ് തിരിച്ച് ലഭ്യമാക്കാമോ?

## തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക മ്യൂസിയം

6821 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടിയിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കുടിയേറ്റ സ്മാരകവും മ്യൂസിയവും നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് അനുയോജ്യമായ ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി പൈതൃക മ്യൂസിയം

6822 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സന്ദർശകരെ മ്യൂസിയത്തിൽ പ്രവേശിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തിരൂരങ്ങാടി ജില്ലാ പൈതൃക മ്യൂസിയം

6823 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പൈതൃക മ്യൂസിയമായി ഉയർത്തിയ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയത്തിന്റെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിക്ക് വേണ്ടി കൈമാറിയ ഭൂമിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) തിരൂരങ്ങാടി രജിസ്റ്റർ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി ഈ മ്യൂസിയം പദ്ധതിയിൽ ഉൾപ്പെട്ടതാണോ; എങ്കിൽ അത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) റോഡിൽ നിന്നും മ്യൂസിയത്തിലേക്കുള്ള വഴി സൈൻ ബോർഡുകളും മറ്റും സ്ഥാപിച്ച് നിർമ്മാണം പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

## ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങളുടെ സംരക്ഷണം

6824 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ പുരാവസ്തുവകുപ്പ് മുഖാന്തിരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) 1938 സെപ്റ്റംബർ മാസത്തിൽ നടന്ന കല്ലറ-പാങ്ങോട് വിപ്ലവത്തിന്റെ ഭാഗമായി അവശേഷിക്കുന്ന പാങ്ങോട് പോലീസ് സ്റ്റേഷൻ ഔട്ട്പോസ്റ്റ് കെട്ടിടവും പഴയ മുദ്രകളും വെടിവയ്പിന്റെ ഭാഗമായി നടന്ന മറ്റ് അടയാളങ്ങളും അന്യാധീനപ്പെട്ടു കൊണ്ടിരിക്കുന്ന പ്രസ്തുത സ്ഥലങ്ങളും സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

## ആർക്കിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

6825 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർക്കിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്ന് അറിയിക്കുമോ?

## ചേറ്റുവ കോട്ട സംരക്ഷണം

6826 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ കോട്ട സംരക്ഷിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചേറ്റുവ കോട്ടയെ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## പാണ്ഡവൻ പാറ കേന്ദ്രമാക്കി അമിനിറ്റി സെന്റർ

6827 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാണ്ഡവൻ പാറ കേന്ദ്രമാക്കി ചരിത്ര വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന തരത്തിൽ ഒരു അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) പാണ്ഡവൻ പാറയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പാറശാല മണ്ഡലത്തിലെ വെള്ളറട, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പൂങ്കോട്ട് പാറയെ സംരക്ഷിത മേഖലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
04-07-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].